# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# നിറമരുതൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2023-2024**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**മലപ്പുറം-676505**

**ഇ-മെയിൽ: dompm.ksad@kerala.gov.in**
**ഫോൺ : 0483-2734951**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം15/2237/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 22/11/2024
ഇ-മെയിൽ: dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നിറമരുതൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : നിറമരുതൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നിറമരുതൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

(ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ്.എം.പി.എം15/2237/2024 | തീയ്യതി: 22/11/2024

## മലപ്പുറം ജില്ലയിലെ നിറമരുതൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ നിറമരുതൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 09-08-2023 മുതൽ 13-10-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 36 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 22-10-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ചിത്രലേഖ.കെ.കെ,കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 14-10-2024 | 22-10-2024 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 14-10-2024 | 22-10-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.അബ്ദുൽ റഷീദ് എം.പി, ഓഡിറ്റ് ഓഫീസർ
ശ്രീ.സന്തോഷ്.പി.ടി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ഷജീർ.കെ, സീനിയർഗ്രേഡ് ഓഡിറ്റർ
ശ്രീ.മൊയ്തീൻ ഫാസിൽ.കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഇസ്മായീൽ.പി | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ.ബോബി ഫ്രാൻസ്സിസ് | സെക്രട്ടറി | 01-04-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സിനിമോൾ.സി.ഐ | അസി.സെക്രട്ടറി | 01-04-2023 | 01-09-2023 |
| ശ്രീമതി.പ്രീത.ടി | അസി.സെക്രട്ടറി | 02-09-2023 | 31-03-2024 |
| ശ്രീമതി.മഞ്ജു.ജി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 07-09-2023 |
| ശ്രീമതി.പൗർണമി | അസിസ്റ്റന്റ് എഞ്ചിനീയർ | 08-09-2023 | 05-11-2023 |
| ശ്രീ.സുരേഷ് ബാബു | അസിസ്റ്റന്റ് എഞ്ചിനീയർ | 06-11-2023 | 15-02-2024 |
| ശ്രീമതി.പൗർണമി | അസിസ്റ്റന്റ് എഞ്ചിനീയർ | 16-02-2024 | 31-03-2024 |
| ശ്രീമതി.അഞ്ജു.കെ.കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| ശ്രീമതി.ഷീബ.എം.വി | വി.ഇ.ഒ 1 | 01-04-2023 | 05-07-2023 |
| ശ്രീ.അനീഷ് കുമാർ.എം | വി.ഇ.ഒ 1 | 06-07-2023 | 19-07-2023 |
| ശ്രീ.വിമൽ ബാബു | വി.ഇ.ഒ 1 | 20-07-2023 | 19-10-2023 |
| ശ്രീ.അനീഷ് കുമാർ.എം | വി.ഇ.ഒ 1 | 20-10-2023 | 12-12-2023 |
| ശ്രീമതി. സന്ധ്യ.എസ് | വി.ഇ.ഒ 1 | 13-12-2023 | 15-12-2023 |
| ശ്രീ.അനീഷ് കുമാർ.എം | വി.ഇ.ഒ 1 | 16-12-2023 | 05-02-2024 |
| ശ്രീ.ദിലീപ് കുമാർ | വി.ഇ.ഒ 1 | 06-02-2024 | 31-03-2024 |
| ശ്രീ.അനീഷ് കുമാർ.എം | വി.ഇ.ഒ 2 | 01-04-2023 | 31-03-2024 |
| ശ്രീമതി. വിബിത.സി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2023 | 31-03-2024 |

| | | | |
|---|---|---|---|
| ശ്രീമതി.സൗമ്യ മുരളീധരൻ.പി | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| ശ്രീമതി.ചിഞ്ചു മോൾ | ഫിഷറീസ് സബ് ഇൻസ്പെക്റ്റർ | 01-04-2023 | 04-04-2023 |
| ശ്രീ.മുഹമ്മദ് സജീർ.ടി | ഫിഷറീസ് സബ് ഇൻസ്പെക്റ്റർ | 05-04-2023 | 26-06-2023 |
| ശ്രീ.വൈശാഖ്.കെ | ഫിഷറീസ് സബ് ഇൻസ്പെക്റ്റർ | 27-06-2023 | 31-03-2024 |
| ഡോ.ഹാഷിം.പി.പി | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി)) | 01-04-2023 | 31-03-2024 |
| ഡോ.അനിത ഫിലിപ്പ് | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)) | 01-04-2023 | 31-03-2024 |
| ശ്രീമതി.ലത | ഹെഡ് മിസ്ട്രസ്സ് | 01-04-2023 | 31-03-2024 |
| ശ്രീമതി.അഞ്ജു.കെ.കെ | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീമതി.മിൻഷ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |

.

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ലോണിനത്തിലെ തുക തെറ്റായ ശീർഷകത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. | 1-1-3 |
| 5 | ബിഡ്ഡേഴ്സ് ഇ.എം.ഡി ഇനത്തിലെ വരവ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | RP-40(b) പ്രകാരമുള്ള നീക്കിയിരിപ്പ് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | ബജറ്റ് | 1-2 |
| 8 | സാമ്പത്തിക വിശകലനം | 1-3 |
| 9 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-4 |
| 10 | പദ്ധതി അവലോകനം | 1-5 |
| 11 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 12 | ക്ഷേമപദ്ധതികൾ | 1-7 |
| 13 | ക്യാഷ് പരിശോധന | 1-8 |
| 14 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 15 | മറ്റ് ഓഡിറ്റുകൾ  നടത്തിയതിന്റെ വിവരം | 1-10 |
| 16 | "ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ  -കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമസേനയിലൂടെ":അവലോകനം | 1-11 |
| 17 | തൊഴിൽ  നികുതി പിരിവിലെ അപാകത | 1-12 |
| 18 | പുതുക്കിയ നിരക്ക് പ്രകാരമുള്ള വസ്തു നികുതി ഈടാക്കിയില്ല | 1-13 |
| 19 | ഉപയോഗ ക്രമം തെറ്റായി വസ്തു നികുതി ഈടാക്കി | 1-14 |
| 20 | പഞ്ചായത്ത് ഹാളിന്റെ വാടക വിശദാംശങ്ങൾ  ലഭ്യമല്ല | 1-15 |
| 21 | കറന്റ് അക്കൗണ്ടിൽ  വലിയ തുക നിലനിർത്തുന്നു-ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം. | 1-16 |
| 22 | രസീതി ബുക്ക് സൂക്ഷിപ്പിലെ അപാകതകൾ | 1-17 |
| 23 | കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തെ പരിഗണിക്കാതെ ഫർണിച്ചറുകൾ  വാങ്ങി | 1-18 |
| 24 | എസ്.എസ്.കെ പദ്ധതി- വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല | 1-19 |
| 25 | മത്സ്യ തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ  - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-20 |
| 26 | മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ്- | 1-21 |

| | | |
|---|---|---|
| | സമയബന്ധിതമായി നടപ്പാക്കാത്തത്- മറ്റ് അപാകതകൾ | |
| 27 | തുറന്ന കിണറിന് ധനസഹായം- അപാകതകൾ | 1-22 |
| 28 | പരിരക്ഷ പദ്ധതി മരുന്ന് ലഭ്യമായില്ല. | 1-23 |
| 29 | എഫ് എച്ച് സിയിലേക്ക് മരുന്ന് ലഭ്യമായില്ല. | 1-24 |
| 30 | അസി. എഞ്ചിനീയർ  കാഷ്ബുക്ക് സൂക്ഷിക്കുന്നതിലെ അപാകതകൾ | 1-25 |
| 31 | പൊതു മരാമത്ത് പദ്ധതികളുടെ നിർവ്വഹണം - അവലോകനം | 1-26 |
| 32 | എംസിഎഫ് കെട്ടിടം പ്രയോജനപ്പെടുത്താൻ  നടപടി സ്വീകരിക്കുന്നില്ല. | 1-27 |
| 33 | പൊതുമരാമത്ത് പ്രവൃത്തി പൂർത്തിയാക്കുവാൻ വൈകിയതിന് പിഴ ഈടാക്കിയില്ല. | 1-28 |
| 34 | ഹൃദ്യ പദ്ധതി - വിശദാംശങ്ങൾ  ലഭ്യമാക്കിയില്ല | 1-29 |
| 35 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-30 |
| 36 | ഗ്രാമപഞ്ചായത്തിന്റെ പഴയ വാഹനം കയ്യൊഴിയുന്നതിനുള്ള നടപടികൾ  സ്വീകരിച്ചില്ല. | 1-31 |
| 37 | ലൈബ്രറി സെസ്സ് യഥാസമയം അടവാക്കിയില്ല. | 1-32 |
| 38 | മാർഗ്ഗ നിർദ്ദേശം പാലിക്കാതെ ധനസഹായം അനുവദിച്ചു | 1-33 |
| 39 | പച്ചക്കറി വിത്തുകൾ  വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയില്ല. | 1-34 |
| 40 | വാഹന സംബന്ധമായ ചെലവുകൾ  VEELS ൽ രേഖപ്പെടുത്തുന്നില്ല. | 1-35 |
| 41 | ലൈഫ് മിഷൻ  -ഭവന നിർമ്മാണ പദ്ധതിയിൽ  അഡ്വാൻസ് കൈപ്പറ്റിയവർ  ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല. | 1-36 |
| 42 | ചാക്കുകൾ  വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയില്ല. | 1-37 |
| 43 | ഗ്ലൗസ്, ബൂട്ട് എന്നിവ വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയില്ല. | 1-38 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ  അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |

| | | |
|---|---|---|
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. നിറമരുതൂർ ഗ്രാമ പഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 06.07.2024 തീയതിയിലെ 4(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 18.07.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി,നിറമരുതൂർ ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

മലപ്പുറം
തീയതി : 22-11-2024

## 1-1-1 എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നീ പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

## 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോ -32585756/-രൂപയും, ക്യാഷ് ഫ്ലോ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം -3401336/- രൂപയുമാണ്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-1-3 ലോണിനത്തിലെ തുക തെറ്റായ ശീർഷകത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

KURDFC- യിലേക്ക് ലോണിനത്തിൽ തിരിച്ചടവാക്കാനുള്ള 9510000/- രൂപ B5-ൽ Secured Loan-Loan From KURDFC എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തേണ്ടതിന് പകരം Secured Loans-Other Loans എന്ന ശീർഷകത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

## 1-1-4 ബിഡ്ഡേഴ്സ് ഇ.എം.ഡി ഇനത്തിലെ വരവ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

RP-33 ഷെഡ്യൂൾ പ്രകാരം ബിഡ്ഡേഴ്സ് ഇ.എം.ഡി ഇനത്തിലെ വരവ് 22250/- രൂപയാണ്. എന്നാൽ 17250/- രൂപയുടെ വരവാണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്.

## 1-1-5 RP-40(b) പ്രകാരമുള്ള നീക്കിയിരിപ്പ് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല

RP-40(b) ഷെഡ്യൂൾ പ്രകാരം എസ്.ഐ.ബി യിലെ A/C No:0426073000000562 ന്റെ ബാങ്ക് ബുക്ക് നീക്കിയിരിപ്പ് 1127479/- രൂപയാണ്. എന്നാൽ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ബാങ്ക് ബുക്ക് പ്രകാരം നീക്കിയിരിപ്പ് 1127356/- രൂപയാണ്. വ്യത്യാസം 123 രൂപ.

## 1-2 ബജറ്റ്

| 2023-24ലെ ബജറ്റ് പാസ്സാക്കിയ തീരുമാനം നം./തിയ്യതി | 2023-24ലെ ബജറ്റ് പുതുക്കിയ തീരുമാനം നം./തിയ്യതി |
|---|---|
| 15.03.2023 ലെ 1/1 നമ്പർ തീരുമാനം | 08.02.2024 ലെ 1/1 നമ്പർ തീരുമാനം |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 3,00,42,085 |
| വരവ് | 17,08,63,299 |
| ആകെ | 20,09,05,384 |
| ചെലവ് | 17,42,64,635 |
| നീക്കിയിരിപ്പ് | 2,66,40,749 |

## 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി (₹) | തൻവർഷ വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ്/ ലാപ്സായ തുക (₹) |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 2,16,60,063 | 2,16,60,063 | 1,85,24,017 | 31,36,046 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 35,64,728 | 35,64,728 | 27,74,067 | 7,90,661 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 39,84,000 | 39,84,000 | 39,84,000 | 0 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 35,40,600 | 35,40,600 | 35,19,656 | 20,944 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 33,16,500 | 33,16,500 | 60,61,619 | -27,45,119 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 0 | 44,22,000 | 43,98,000 | 41,04,821 | 3,17,179 |
| ബി ഫണ്ട് | 0 | 3,87,05,700 | 3,87,05,700 | 3,87,05,700 | 0 |

കുറിപ്പ്: വാർഷിക കണക്ക്, എ.സി.ആർ. എന്നിവ പ്രകാരം വികസന ഫണ്ട് ജനറൽ വിഭാഗത്തിലെ ചെലവ് 23617872/-രൂപയാണ്. എന്നാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം ആയത് 23596375/-രൂപയാണ്

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 260 | 20 42 11 476 (സോഴ്സ് ഡിഡക്ഷൻ തുക ഉൾപ്പെടെ) | 157 | 10,03,76,772 | 0 | 103 | 60.38 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ.</u>

ഇല്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 3,086 | 3,086 | 3,086 | 0 |
| ഗുണഭോക്താകൾക്ക് | 0 | 1,42,70,609 | 1,42,70,609 | 1,42,70,609 | 0 |

| | | | | | |
|---|---|---|---|---|---|
| നേരിട്ട് നൽകുന്നത് (കാപ്പിറ്റൽ വർക്കിനുള്ള ചെലവുൾപ്പെടെ) | | | | | |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 4,14,400 | 33 |
| വിധവാപെൻഷൻ | 1,27,43,500 | 1157 |
| വാർദ്ധക്യകാലപെൻഷൻ | 2,05,21,500 | 1891 |
| വികലാംഗപെൻഷൻ | 46,41,900 | 229 |
| വിവാഹ ധനസഹായം | 2,10,000 | 6 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1,74,400 | 9 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.10.2024ന് 01:08 PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2793 രൂപയുടെ ക്യാഷ് ബാലൻസ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

1.രജിസ്റ്ററുകൾ പരിപാലിക്കുന്നതിൽ വീഴ്ച്ച സംഭവിച്ചിട്ടുണ്ട്.(വാർഷിക കണക്കുമായി ബന്ധപ്പെട്ട ഖണ്ഡിക കാണുക).

2.മുൻവർഷം ലഭിച്ച തനതു വരുമാനം നിലനിർത്തുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുവാൻ ഗ്രാമപഞ്ചായത്തിന്കഴിഞ്ഞിട്ടില്ല ( ഉദാഃ- ഖണ്ഡിക 1-12 പരാമർശം കാണുക)

3.നിർവ്വഹണഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ ഉണ്ടായിട്ടുണ്ട്.(വിശദാംശങ്ങൾ തുടർന്നുള്ള പരാമർശങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്).

4.സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന പ്രതിവർഷം നടത്തി ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്. (തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്- 13.01.2010ലെ 58608/ഡി.ബി2/09 സർക്കുലർ. , 2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 (4)(ബി)).ആയത് പാലിച്ചിട്ടില്ല.

5.ഗവ.സർക്കുലർ 86/2010/ ഫിൻ തീ.24.09.10 പ്രകാരം കമ്പ്യൂട്ടർ ഹാർഡ്വെയർ , സോഫ്റ്റ് വെയർ എന്നിവയ്ക്കും പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കണം എന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. എന്നാൽ കമ്പ്യൂട്ടർ ഹാർഡ്വെയർ സോഫ്റ്റ് വെയർ എന്നിവയ്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.09.2022 | 04/2022 മുതൽ 08/2022 വരെ | 26.09.2022 |
| എ.ജി ഓഡിറ്റ് | 05.07.2009 | 2004-05 മുതൽ 2008-09 വരെ | 25.11.2009 |

## 1-11 "ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ -കേരളത്തിലെ മാലിന്യ. സംസ്കരണം ഹരിതകർമസേനയിലൂടെ":അവലോകനം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 07.06.2024 ലെ ഡി.കെ.എസ്.എ).471/ സി.എ).ആർ.3/2024 നമ്പർ കത്ത് പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് "ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമസേനയിലൂടെ " എന്ന വിഷയത്തിൽ നിറമരുതൂർ ഗ്രാമ പഞ്ചായത്തിലെ ഹരിതകർമ്മ സേനയുമായും മാലിന്യ സംസ്കരണവുമായും ബന്ധപ്പെട്ട് നടത്തിയ അവലോകനം താഴെ ചേർക്കുന്നു. ഓഡിറ്റ് എൻക്വയറി നമ്പർ 1 /14.10.24 ന് ലഭിച്ച മറുപടി കൂടി പരിഗണിച്ചാണ് അവലോകനം തയ്യാറാക്കിയിട്ടുള്ളത്.

**1)അടിസ്ഥാന വിവരങ്ങൾ**

| | |
|---|---|
| 1)പഞ്ചായത്തിലെ ആകെ ജനസംഖ്യ | 29,846 |
| 2)ആകെ വാർഡുകളുടെ എണ്ണം | 17 |

| വാർഡ് നമ്പർ | 3)ഓരോ വാർഡിലേയും ആൾ താമസമുള്ള വീടുകളുടെ എണ്ണം | 4)ഓരോ വാർഡിലും പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം |
|---|---|---|
| 1 | 600 | 18 |
| 2 | 820 | 51 |
| 3 | 601 | 33 |
| 4 | 582 | 27 |
| 5 | 660 | 8 |
| 6 | 582 | 11 |
| 7 | 392 | 6 |
| 8 | 415 | 12 |
| 9 | 457 | 38 |
| 10 | 359 | 39 |
| 11 | 385 | 37 |
| 12 | 441 | 28 |
| 13 | 352 | 29 |
| 14 | 387 | 10 |
| 15 | 560 | 40 |
| 16 | 357 | 15 |
| 17 | 487 | 18 |
| ആകെ | 8437 | 420 |
| 5) ഹരിത കർമ്മ സേനയിലെ അംഗങ്ങളുടെ എണ്ണം | | 34 |
| 6)വാർഡിലെ എല്ലാ ഭവനങ്ങളും സ്ഥാപനങ്ങളും ഉൾപ്പെട്ടിട്ടുണ്ടോ | | ഉണ്ട് |

**2)മാലിന്യ ശേഖരണ കാര്യക്ഷമത**

മാലിന്യശേഖരണത്തിനായി കലണ്ടർ മുൻകൂട്ടി തയ്യാറാക്കുകയും ഷെഡ്യൂൾ ചെയ്ത പ്രകാരം മാലിന്യശേഖരണം നടക്കുകയും ചെയ്യുന്നുണ്ട്. പഞ്ചായത്തിലെ എല്ലാ ഭവനങ്ങളെയും സ്ഥാപനങ്ങളെയും ഉൾപ്പെടുത്തുവാൻ നോട്ടീസ് നൽകുകയും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുകുയും ചെയ്തിട്ടുണ്ട്.എല്ലാവർക്കും തൊഴിൽ കാർഡുകൾ വിതരണം ചെയ്യുകയും സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം പ്രവർത്തനക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്.മാലിന്യം നീക്കം ചെയ്യാൻ ഗ്രാമ പഞ്ചായത്തിന് സ്വന്തമായി വാഹനം ഉണ്ട്.(KL55A C 4528)

**4)റീസൈക്ലിംഗ്.**

പുനരുപയോഗം സാധ്യമാകുന്ന വസ്തുക്കൾ ഉപയോഗിക്കാൻ പ്രോത്സാഹിപ്പിക്കുന്നുണ്ട്. ജല സ്രോതസ്സുകളിൽ നിന്നും ലഭിക്കുന്ന മിക്സഡ്/ലെഗസി മാലിന്യം മാലിന്യം MCFൽ എത്തിച്ച് സെഗ്രിഗേറ്റ് ചെയ്ത് പ്രോസസ് ചെയ്യുന്നു. റീസൈക്ലിംഗ് പ്രോസസ് നടപ്പാക്കുന്നില്ല.

**5)കമ്മ്യൂണിറ്റി എൻഗേജ്മെന്റ്**

മാലിന്യ സംസ്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിനായി നോട്ടീസുകൾ, മൈക്ക് അനൗൺസ്മെന്റ്, നവ മാധ്യമങ്ങൾ വഴിയുള്ള ബോധവൽക്കരണം എന്നിവ നടത്തിയിട്ടുണ്ട്. 17 വാർഡുകളിലും മഴക്കാല പൂർവ്വ

ശുചീകരണം നടത്തിയിട്ടുണ്ട്.ഹരിതകർമ്മസേനാംഗങ്ങൾ,ആശാപ്രവർത്തകർ, അംഗനവാടി ടീച്ചർമാർ, എൻഎസ്എസ് വളണ്ടിയർമാർ എന്നിവർക്ക് ബാധവൽക്കരണ ക്ലാസ്സുകൾ നടത്തി. ഗ്രാമസഭകളിലും ബോധവൽക്കരണം നടത്തിയിട്ടുണ്ട്.

**6)തൊഴിൽ സൃഷ്ടിക്കൽ**

ഹരിതകർമ്മസേനാംഗങ്ങൾക്കും വാഹന ഡ്രൈവർക്കും, ക്ലീനിംഗ് സ്റ്റാഫിനും പ്രത്യക്ഷമായ തൊഴിൽ നല്കുന്നതിനും റിജക്ടഡ് വേസ്റ്റ് പരിപാലിക്കുന്ന ഏജൻസിയിലെ ജീവനക്കാർക്ക് പരോക്ഷമായും തൊഴിൽ നല്കുന്നതിന് സാധിക്കുന്നു. പ്രതിമാസം ആകെ 884 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുവാൻ കഴിയുന്നുണ്ട്. 8000-9000 രൂപ വേതനമിനത്തിൽ പ്രതിമാസം ഓരോ ഹരിതകർമ്മസോംഗത്തിനും ലഭ്യമാകുന്നുണ്ട്. നിലവിൽ വയബിലിറ്റി ഗ്യാപ് ഫണ്ട് ഉപയോഗിക്കുന്നില്ല.

**7)അടിസ്ഥാന സൗകര്യ വികസനം**

നിലവിൽ ഗ്രാമ പഞ്ചായത്തിൽ രണ്ട് എംസിഎഫുകളാണ് നിലവിലുള്ളത്. ഗ്രാമപഞ്ചായത്തിലെ 15-ാം വാർഡിൽ സ്വന്തം കെട്ടിടത്തിലാണ് എം.സി.എഫ് സ്ഥിതിചെയ്യുന്നതെങ്കിലും മറ്റൊരു വാടക കെട്ടിടത്തിലാണ് നിലവിൽ എം.സി.എഫ് പ്രവർത്തിക്കുന്നത്. 2023-24 വർഷത്തിൽ മേൽ കെട്ടിടത്തിന്റെ ഒന്നാം നില ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 4,64,702 രൂപ ചെലവഴിച്ച് നിർമ്മാണ പ്രവ്യത്തികൾ നടത്തിയിട്ടുണ്ട്. 17.10.24 ന് നടത്തിയ സ്ഥല പരിശോധനയിൽ മേൽ കെട്ടിടം പൂട്ടിയിട്ടിരിക്കുന്നതായാണ് കാണാൻ കഴിഞ്ഞത്. പ്രസ്തുത കെട്ടിടത്തിനോടനുബന്ധിച്ച് സോർട്ടിംഗ് ഏരിയയോ കെട്ടിടത്തിന് ചുറ്റുമതിലോ ഇല്ല. റോഡ് സൗകര്യം അപര്യാപ്തമായതിനാൽ വലിയ വാഹനങ്ങൾക്ക് അവിടെ എത്തിച്ചേരുവാൻ കഴിയുന്നില്ല. ആയത് നിഷ്ക്രിയ ആസ്തിയായി മാറിയ അവസ്ഥയാണുള്ളത്.(ഖ.1-27 ൽ പരാമർശിച്ചിട്ടുണ്ട്)

12-ാം വാർഡിൽ ഗ്രാമ പഞ്ചായത്തിനു സമീപം വാടകകെട്ടിടത്തിലാണ് നിലവിൽ എംസിഎഫ് പ്രവർത്തിക്കുന്നത്. (13000 രൂപ പ്രതിമാസ വാടക) എംസിഎഫിൽ ഫർണിച്ചർ,വൈദ്യുതി,കുടിവെള്ള സൗകര്യം, ഫയർ എക്സ്റ്റിൻഗ്വിഷർ, വെയിംഗ് മെഷീൻ എന്നിവയുണ്ട്. എന്നാൽ ബെയ് ലിംഗ് മെഷിനോ ശുചിമുറിയോ ഡ്രസ്സിംഗ് മുറിയോ സോർട്ടിഗ് ഏരിയയോ ഇല്ല. എം.സി.എഫിന് ചുറ്റുമതിൽ ഇല്ല. ഹരിതകർമ്മസേനാ പ്രവർത്തകർക്ക് കൈയ്യുറകൾ ,യൂനിഫോം എന്നിവയെല്ലാം വിതരണം ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ആകെയുള്ള 17 വാർഡുകളിലും മിനി എംസിഎഫുകൾ സ്ഥാപിച്ചിട്ടുണ്ട്.

**8) പാരിസ്ഥിതിക ആഘാതം**

മാലിന്യം തള്ളുന്നതോ അനധികൃതമായി തള്ളുന്നതോ ആയ രണ്ട് പരാതികൾ ലഭിച്ചിട്ടുണ്ട്. ആയത് തീർപ്പാക്കിയിട്ടുണ്ട്. നിരോധിത പ്ലാസ്റ്റിക്ക് ഉൽപന്നങ്ങളുടെ ഉപയോഗം തടയുക, പൊതു നിരത്തുകളിൽ മാലിന്യം തള്ളുന്നത് തടയുക തുടങ്ങിയവക്ക് സമയാസമയങ്ങളിൽ നോട്ടീസ് നൽകി വരുന്നുണ്ട്. എന്നാൽ നിയമലംഘനത്തിന് ശിക്ഷാ നടപടികൾ കാര്യമായി സ്വീകരിച്ചിട്ടില്ല.

**9)പരിശീലനവും വികസനവും**

ഹരിത കർമ്മ സേനാംഗങ്ങൾക്ക് മാലിന്യ സംസ്കരണത്തിൽ അവരുടെ കഴിവുകളും അറിവും വർദ്ധിപ്പിക്കാനും തുടർച്ചയായ പുരോഗതിയും പ്രൊഫഷണൽ വികസനവും ഉറപ്പാക്കാനും വേണ്ടി ഹരിതമിത്രം ആപ്പ് ഉപയോഗം സംബന്ധിച്ചുള്ള പരിശീലനം,ബെയ്‌ലിംഗ് മെഷീൻ പ്രവർത്തന പരിശീലനം എന്നിവ നൽകിയിട്ടുണ്ട്.അഞ്ച് പരിശീലന ക്ലാസ്സുകൾ നടത്തിയിട്ടുണ്ട്. എന്നാൽ ബെയിലിംഗ് മെഷീൻ നിലവിൽ പ്രവർത്തിക്കുന്നില്ല. ഹരിത സഹായ സംഘമായ ഐ ആർ ടി സി മുണ്ടൂരിന്റെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾക്ക് സഹായം ലഭ്യമാകുന്നു.

**10)നിയമങ്ങൾ പാലിക്കൽ**

പ്രാദേശിക അധികാരികൾ നിശ്ചയിച്ചിട്ടുള്ള മാലിന്യ സംസ്കരണ ചട്ടങ്ങളും മാനദണ്ഡങ്ങളും പാലിക്കുന്നതിനായി ബൈലോ അംഗീകരിച്ചിട്ടുണ്ട്.

**11)ഹരിത കർമ്മ സേനാംഗങ്ങളുടെ പ്രവർത്തനം**

ഗ്രാമപഞ്ചായത്തിൽ 17 വാർഡുകളിലേയ്ക്ക് 34 ഹരിതകർമ്മസേനാംഗങ്ങളാണുള്ളത്. മാസത്തിൽ പഞ്ചായത്ത് തല അവലോകനയോഗം നടത്തിവരുന്നു. പൊതു ജനങ്ങളിൽ നിന്നുള്ള നിസ്സഹകരണം മൂലം എല്ലാമാസവും 100% യൂസർഫീ നേടിയെടുക്കുന്നതിൽ പരിമിതിയുണ്ട്. എന്നാലും ബോധവൽക്കരണ പരിപാടികളിലൂടെ ഇതിനെ അതിജീവിക്കാനുള്ള ശ്രമങ്ങൾ നടത്തി വരുന്നുണ്ട്.

**മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (MCF) റിസോഴ്സ് റിക്കവറിഫെസിലിറ്റി (RRF)**

**1)അടിസ്ഥാന വിവരങ്ങൾ**

| | |
|---|---|
| 1)MCF/RRF (സ്ഥിരം / താത്കാലികം) എണ്ണം | 2 MCF നിലവിലുണ്ട്. ഒന്നാമത്തേത് 15ാം വാർഡിലുള്ള സ്വന്തംകെട്ടിടം.ആയത് പ്രവർത്തിക്കുന്നില്ല.<br>രണ്ടാമത്തേത് 12ാം വാർഡിൽ വാടകെട്ടിടം. ആയതിൽ എംസിഎഫ് പ്രവർത്തിക്കുന്നു.<br>RRF ഇല്ല |
| 2)ബെയ് ലിങ് /ഷ്രഡിങ് യൂണിറ്റുകൾ ഉണ്ടോ ? | ബെയ് ലിങ് - 1 പ്രവർത്തനരഹിതമായ എംസിഎഫ് കെട്ടിടത്തിനുള്ളിലാണ്. പ്രവർത്തിക്കുന്നില്ല.2019-20 വർഷം മുതൽ പ്രസ്തുത കെട്ടിടം നിലവിലുണ്ട്. |
| 3)അവയുടെ വാർഡ് തിരിച്ചുള്ള എണ്ണം | 1 സ്വന്തം കെട്ടിടം -വാർഡ് 15 (ബെയ് ലിംഗ് ഗ് മെഷിൻ പ്രവർത്തിപ്പിക്കുന്നില്ല)<br>2 വാടക കെട്ടിടത്തിൽ 12ാം വാർഡിൽ പ്രവർത്തിക്കുന്ന എംസിഎഫിൽ ബെയ് ലിംഗ് മെഷിൻ ഇല്ല. |
| 4)അവ പ്രയോജനപ്പെടുത്തുന്നുണ്ടോ ? | 12ാ വാർഡിൽ വാടകകെട്ടിടത്തിലുള്ള MCF പ്രയോജനപ്പെടുത്തുന്നുണ്ട്. |
| 5)അവയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടോ? (ടിപ്പിങ് ഏരിയ, സ്റ്റോറേജ് ഏരിയ, സോർട്ടിങ് ഏരിയ, മെഷിനറി ഏരിയ,ശുചിമുറി തുടങ്ങിയവ | ഉണ്ട്<br>വാടക കെട്ടിടം-2010 Sqft<br>പ്രത്യേക ഏരിയ ഇല്ല. ശുചിമുറി ഇല്ല. |

| | |
|---|---|
| 6)അവയിലേക്ക് റോഡ് ഗതാഗത സൗകര്യം ലഭ്യമാണോ ? | 12-ാം വാർഡിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എംസിഎഫിലേക്ക് റോഡ് , ഗതാഗത സൗകര്യം ഉണ്ട്. |
| 7) അവയുമായി ബന്ധപ്പെട്ട് സാമൂഹിക പ്രശ്നങ്ങൾ നിലനിൽക്കുന്നണ്ടോ? | നിലവിൽ ഇല്ല. പ്രത്യേക ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. |

**2)മാലിന്യ കൈമാറ്റ കാര്യക്ഷമത**

ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ സമയബന്ധിതമായി MCFലേക്ക് എത്തിക്കാൻ സാധിക്കുന്നുണ്ട് .

3)മാലിന്യ സംഭരണ ശേഷി

| | |
|---|---|
| 1) ദിവസേന കൈകാര്യം ചെയ്യുന്ന മാലിന്യത്തിന്റെ അളവ് ജൈവം /അജൈവം | 600 KG അജൈവം |
| കൈകാര്യം ചെയ്യുന്ന മാലിന്യത്തിനനുസൃതമായി MCF/RRF കൾക്ക് ആവശ്യത്തിന് വിസ്തൃതിയുണ്ടോ | ഇല്ല. |
| 2)ആകെ വിസ്തൃതി | 2010 Sq Ft |
| അജൈവ മാലിന്യം എത്ര ദിവസത്തേക്ക് അന്തിമ സംഭരണ ഏരിയയിൽ സൂക്ഷിക്കാൻ കഴിയുന്നു. | 1 മാസം |

**4)മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ**

| | |
|---|---|
| മാലിന്യം ഇനം തിരിക്കുന്നത് | Types- HM,PP-1, PP-2, BB, MILK COVER, LD-1,LD-2, REJECT, SCRAP, WASTE,IRON, TIN, CARDBOARD ,E-Waste,Chakk,Pvc Bulb,Pet Bottle.Etc.. |
| തൊഴിലാളികളുടെ സുരക്ഷയും പരിസ്ഥിതി സംരക്ഷണവും ഉറപ്പാക്കുന്നതിന് MCF/RRF -ൽ മാലിന്യ സംസ്കരണ പ്രോട്ടോക്കോളും സുരക്ഷാ നടപടികളും പാലിക്കൽ | 1. Fire Extinguisher 4എണ്ണം<br>2. വാട്ടർ ടാങ്ക് 2 എണ്ണം<br>3. Mask ,Glouse,<br>4. Uniforms<br>5. മറ്റ് അവശ്യവസ്തുക്കൾ<br>6. വൈദ്യുതി,ഫർണിച്ചർ,കുടിവെള്ള സൗകര്യം ഉണ്ട്.<br>7. ശുചിമുറി ഡ്രസ്സിംഗ് സൗകര്യം ഇല്ല. |

**5)ശുചിത്വമാനദണ്ഡങ്ങൾ**

എം.സി.എഫും പരിസരവും ആഴ്ചയിലൊരിക്കൽ ക്ലീനിംഗ് നടത്തുന്നുണ്ട്.

**6)യഥാസമയം മാലിന്യം കൈമാറുന്നത് സംബന്ധിച്ച്.**

വാർഡുകളിൽ നിന്നും ഓരോ മാസവും ഹരിതകർമ്മസേനാംഗങ്ങൾ അജൈവമാലിന്യം

ശേഖരിക്കുന്നു. അവ വാഹനത്തിൽ MCFൽ എത്തിച്ചശേഷം സെഗ്രിഗേറ്റ് ചെയ്യുന്നു. മാലിന്യം എം.സി.എഫിൽ നിറയുമ്പോൾ ബന്ധപ്പെട്ട കമ്പനികൾക്ക് നൽകുന്നു. ഗ്രാമ പഞ്ചായത്തുമായി കരാറിലേർപ്പെട്ടിട്ടുള്ള ക്ലീൻ കേരള കമ്പനിയാണ് റിജക്ടഡ് വേസ്റ്റ് നീക്കം ചെയ്യുന്നത്. (10 /കിലോഗ്രാം) .സെഗ്രിഗേറ്റഡ് വേസ്റ്റ് സമ്പത്ത് മലപ്പുറത്തിനാണ് നൽകി വരുന്നത്.

## മറ്റു വിവരങ്ങൾ

ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി ഹരിത കർമ്മസേനയുടെ പേരിൽ നിറമരുതൂർ യൂണിയൻ ബാങ്കിൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട് (അക്കൗണ്ട് നമ്പർ-159422010000274). 31.03.2024 ന് 39,182 രൂപ നീക്കിയിരിപ്പുണ്ട്. വീടുകളിൽ നിന്ന് മാലിന്യം ശേഖരിക്കുന്നതിന് വീട് ഒന്നിന് 50/- രൂപയും, സ്ഥാപനങ്ങൾക്ക് 100/- രൂപയും ഫീസ് ഈടാക്കി വരുന്നു. ആയത് പിരിക്കുന്നതിന് പ്രത്യേകം തയ്യാറാക്കിയ രശീതി ബുക്കുകൾ ഉപയോഗിക്കുന്നു.എന്നാൽ വരവ് ചെലവ് കണക്കുകൾ കാഷ്ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

| ആകെ വരവ് | | ആകെ ചെലവ് | |
|---|---|---|---|
| ഗ്യാപ്പ് ഫണ്ട് | ഇല്ല | ഹരിത കർമ്മസേന ശമ്പളം | 3,42,244 |
| മുൻബാക്കി | 39,182 | | |
| യൂസർഫീ | 2,76,425 | പർച്ചേഴ്സ് | - |
| സ്ക്രാപ്പ് വിൽപ്പന | 65,819 | മറ്റ് ചെലവ് | - |
| ക്ലീൻ കേരള | | | |
| മറ്റു വരവുകൾ (പലിശ) | | നീക്കിയിരിപ്പ് | 39,182 |
| ആകെ | 3,81,426 | ആകെ | 3,81,426 |

2023-24 വർഷത്തിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി താഴെ കാണിച്ച തുക വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്.

| ക്രമ | പ്രൊജക്ട് | ഫണ്ടിനം | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | മിനി എംസിഎഫ് സ്ഥാപിക്കൽ 207/23-24 | ധനകാര്യ കമ്മീഷൻ അവാർഡ് | 3,50,000 | 3,48,991 |
| 2 | ഹരിതകർമ്മസേന തുടർ പ്രവർത്തനങ്ങൾ 51/23-24 | കേന്ദ്രാവിഷ്കത ഫണ്ട് | 503868 | 1,54,221 |
| | | തനത് ഫണ്ട് | 39,500 | 39,500 |
| 3 | ഹരിതകർമ്മസേന പ്രവർത്തനം മെച്ചപ്പെടുത്തൽ. ഐ.ആർ.ടി.സിക്ക് തുക നൽകൽ 147/24 | തനത് ഫണ്ട് | 212931 | 212931 |
| 4 | എം.സി.എഫിന് വാടക നൽകൽ 352/24 | തനത് ഫണ്ട് | 130000 | 52000 |
| 5 | മാലിന്യ | തനത് ഫണ്ട് | 50000 | 44082 |

| | | | | |
|---|---|---|---|---|
| | സംസ്കരണം റിജക്ടഡ് വേസ്റ്റ് നീക്കം ചെയ്യൽ 149/24 | | | |

**ഓഡിറ്റ് നിർദേശങ്ങൾ**

1. 15ാം വാർഡിൽ സ്ഥിതി ചെയ്യുന്ന ഗ്രാമ പഞ്ചായത്തിന്റെ സ്വന്തം എംസിഎഫ് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. റിജക്ടഡ് മാലിന്യം സമയബന്ധിതമായി നീക്കം ചെയ്യുന്നതിന് കരാറിൽ ഏർപ്പെട്ടിട്ടുള്ള സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകേണ്ടതാണ്. കൂട്ടിയിട്ടിരിക്കുന്ന റിജക്ടഡ് വേസ്റ്റ് പൂർണ്ണമായും നീക്കം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. ഹരിതകർമ്മസേന കൺസോർഷ്യത്തിന്റെ വരവ് ചെലവ് കണക്കുകൾ സൂക്ഷിക്കൽ , രജിസ്റ്ററുകളുടെ പരിപാലനം എന്നിവയിൽ ഹരിത കർമ്മസേനാംഗങ്ങൾക്ക് പരിശീലനം നൽകേണ്ടതാണ്.

4. ഹരിതകർമ്മസേനാംഗങ്ങൾക്ക് ശുചിമുറി , ഡ്രസ്സിംഗ് റൂം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കേണ്ടതാണ്.

5. എംസിഎഫുകളിൽ ഹരിത കർമ്മ സേനാംഗങ്ങൾ അവർക്കു ലഭിച്ച കൈയ്യുറകൾ , മാസ്ക്ക്,യൂനിഫോം എന്നിവ ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

6. എംസിഎഫിൽ ഫസ്റ്റ് എയ്ഡ് സൗകര്യം ഉറപ്പാക്കേണ്ടതാണ്.

7. മാലിന്യ നിർമ്മാർജനവുമായി ബന്ധപ്പെട്ട നിയമങ്ങൾ എല്ലാവരും പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

8. ജനങ്ങളെ മാലിന്യ സംസ്ക്കരണത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുവാൻ പ്രത്യേക പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതാണ്.

മാലിന്യ നിർമ്മാർജ്ജനം പഞ്ചായത്തിന്റെ അനിവാര്യ ചുമതലയായതിനാൽ ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തേണ്ടതും പൊതു ജനങ്ങളിൽ ആവശ്യമായ ബോധവല്കരണം നടത്തുകയും ചെയ്യേണ്ടതായിട്ടുണ്ട്.

## 1-12 തൊഴിൽ നികുതി പിരിവിലെ അപാകത

നിറമരുതൂർ ഗ്രാമ പഞ്ചായത്തിന്റെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചത് പ്രകാരം ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1.മുൻ വർഷത്തെ അപേക്ഷിച്ച് വരുമാനത്തിൽ കുറവ്. 2022-23 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കിലെ ഷെഡ്യൂൾ RP-1 പ്രകാരം തൊഴിൽ നികുതി ഇനത്തിലെ വരവ് 719670/- രൂപയാണ്. എന്നാൽ 2023-24 സാമ്പത്തിക വർഷത്തിൽ ഇത് 625980/- രൂപയായി കുറഞ്ഞു.ഈ ഇനത്തിൽ 93690/- രൂപയുടെ കുറവ് കാണുന്നു. എന്നാൽ വാർഷിക കണക്കിൽ B-15 പ്രകാരം ഈ ഇനത്തിൽ ഒന്നും വരവ് ലഭിക്കാനുള്ളതായി രേഖപ്പെടുത്തിയിട്ടില്ല. ഈയിനത്തിലെ വരുമാന ചോർച്ച സംഭവിച്ചത് പരിശോധിച്ച് പരിഹാര നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

2.മുൻ വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ഫിഷറീസ് ഓഫീസർ, എസ്.പി മിക്സ്ഡ് മസാല എന്ന സ്ഥാപനത്തിലെ ജീവനക്കാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്.എന്നാൽ തൻ വർഷം ആയത് ഈടാക്കിയിട്ടില്ല. കൂടാതെ മുൻ വർഷ രജിസ്റ്റർ പ്രകാരം ഒട്ടേറെ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് (രജിസ്റ്ററിൽ സ്ഥാപനത്തിന്റെ പേര് ചേർത്തിട്ടില്ല) ജീവനക്കാർക്കുള്ള തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. ആയതും ഈ വർഷം ഈടാക്കിയിട്ടില്ല.

3.ലൈസൻസ് രജിസ്റ്റർ പ്രകാരം മത്സ്യഫെഡ് ജില്ലാ ഓഫീസ്(ലൈസൻസ് നമ്പർ:1661/19.04.23)ഡയറി ഡെവലപ്പ്മെന്റ് കോപറേറ്റീവ് സൊസൈറ്റി(3722/13.11.2023) എന്നീ സ്ഥാപനങ്ങൾക്ക് തൻ വർഷം ലൈസൻസ് അനുവദിച്ച് നൽകിയിട്ടുണ്ട്.എന്നാൽ ടി സ്ഥാപനങ്ങളിൽ നിന്ന് ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

4. സ്വകാര്യ ആശുപത്രികൾക്കും പാരാ മെഡിക്കൽ സ്ഥാപനങ്ങൾക്കും ഉള്ള രജിസ്റ്റർ പ്രകാരം ചുവടെ കൊടുത്ത സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ അവയിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം |
|---|---|
| 1 | നോവ ഹെൽത്ത് കെയർ |
| 2 | പി.എം.സി മെഡിക്കൽ സെന്റർ |
| 3 | ആയിഷ ഡെന്റൽ ക്ലിനിക് |
| 4 | നിറമരുതൂർ മെഡിസിറ്റി |
| 5 | ഡോ.സന ഡെന്റൽ ക്ലിനിക് |
| 6 | ഡെന്റോ ഹെൽത്ത് ഡെന്റൽ ക്ലിനിക് |
| 7 | റഹീം ഹോമിയോ ക്ലിനിക് |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് വകുപ്പ് 205 ഇ പ്രകാരം നോട്ടീസ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ ആയതിന്റേയും വകുപ്പ് 205 എഫ് പ്രകാരം നികുതി തിട്ടപ്പെടുത്തി പഞ്ചായത്തിൽ ഒടുക്കാൻ ആവശ്യപ്പെടുകയും ആയത് അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റേയും വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.6/16.10.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിലും ജീവനക്കാരിൽ നിന്നുള്ള ക്രമ പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-13 പുതുക്കിയ നിരക്ക് പ്രകാരമുള്ള വസ്തു നികുതി ഈടാക്കിയില്ല

കേരള സർക്കാറിന്റെ 22.03.2024 ലെ സർക്കാർ ഉത്തരവ് (കൈ) നം 77/ 2023 തസ്വഭവ നമ്പറിന്റെ അടിസ്ഥാനത്തിൽ 28.07.2023 ൽ കൂടിയ ഭരണസമിതിയുടെ 1/1 നമ്പർ തീരുമാന പ്രകാരം 01.04.2023 തീയ്യതി പ്രാബല്യത്തിൽ കെട്ടിടങ്ങളുടെ വസ്തുനികുതി പുനർ നിർണ്ണയിക്കുകയും മേഖലകൾ പുനർ നിർണ്ണയിക്കുകയും ചെയ്തിട്ടുണ്ട്.

ആയത് പ്രകാരം ചുവടെ കൊടുത്തിട്ടുള്ള റോഡുകളുടെ ഇരു വശങ്ങളിൽ നിന്നും 200 മീറ്റർ വരെ ദൂരെ പരിധിയിലുള്ള പ്രദേശങ്ങൾ പ്രഥമ മേഖലയിലും മറ്റ് എല്ലാ പ്രദേശങ്ങളും ദ്വിതീയ മേഖലയിലും ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

1. പൂക്കയിൽ ഉണ്ണ്യാൽ റോഡ്

2.മൂലക്കൽ ഉണ്ണ്യാൽ റോഡ്

3.പഞ്ചാരമൂല മുറിവഴിക്കൽ റോഡ്

4.ടിപ്പുസുൽത്താൻ റോഡ്

5.മൂച്ചിക്കൽ മഞ്ഞളം പടി റോഡ്

6.പൊറൂർ മുറിവഴിക്കൽ റോഡ്

7.വട്ടത്താണി പടിഞ്ഞാറങ്ങാടി റോഡ്

എന്നാൽ പഞ്ചായത്തിൽ നിന്നും 2023-24 വർഷത്തിൽ നമ്പർ അനുവദിച്ച

കെട്ടിടങ്ങളുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചത് പ്രകാരം 01.04.2023 ന് മുമ്പുള്ള നിരക്കിൽ തന്നെയാണ് ചില കെട്ടിടങ്ങൾക്ക് നികുതി ഈടാക്കിയിട്ടുള്ളത് എന്ന് കണ്ടു. വിശദ വിവരം ചുവടെ കൊടുക്കുന്നു.

1.S2/1322/2023 നമ്പർ ഫയൽ പ്രകാരം ജസ്റ്റിൻ കുമാർ എന്ന വ്യക്തിക്ക് വാണിജ്യ കെട്ടിടത്തിനും ഗോഡൗണിനുമായി കെട്ടിട നമ്പർ അനുവദിക്കുകയും പഴയ നിരക്കിൽ തന്നെ വസ്തു നികുതി ഈടാക്കുകയും ചെയ്തിട്ടുണ്ട്.വിശദ വിവരം ചുവടെ കൊടുക്കുന്നു.

| കെട്ടിട നം. | സഞ്ചയ പ്രകാരം ഉപയോഗ ക്രമം | വിസ്തീർണ്ണം ച.മീറ്ററിൽ | ഈടാക്കിയ അടിസ്ഥാന വസ്തു നികുതി/ നിരക്ക് | ഉൾപ്പെടുത്തേണ്ടിയിരുന്ന ഉപയോഗ ക്രമം | ഈടാക്കേണ്ടിയിരുന്ന അടിസ്ഥാന വസ്തു നികുതി/ നിരക്ക് | ഈടാക്കിയതിലെ വ്യത്യാസം |
|---|---|---|---|---|---|---|
| 9/238-A | 100ച.മീറ്റർ വരെയുള്ള ഗോഡൗൺ | 38.22 | 1528.8(@40) | 500 ച.മീ. വരെയുള്ള ഗോഡൗൺ | 2675.4(@70) | 1146.6 |
| 9/238-B | ലോഡ്ജ് | 27.27 | 872.64(@32) | 300ച.മീറ്റർ വരെയുള്ള ലോഡ്ജ്, ഹോട്ടൽ ഉൾപ്പെടെ പ്രത്യേക പാർപ്പിടാവശ്യത്തിനുള്ളവ | 1636.2(@60) | 763.56 |
| 9/238-C | ലോഡ്ജ് | 27.87 | 891.84(@32) | 300ച.മീറ്റർ വരെയുള്ള ലോഡ്ജ്. ഹോട്ടൽ ഉൾപ്പെടെ പ്രത്യേക പാർപ്പിടാവശ്യത്തിനുള്ളവ | 1672.2(@60) | 780.36 |
| 9/238-D | ലോഡ്ജ് | 27.91 | 893.12(@32) | 300ച.മീറ്റർ വരെയുള്ള ലോഡ്ജ്, ഹോട്ടൽ ഉൾപ്പെടെ പ്രത്യേക പാർപ്പിടാവശ്യത്തിനുള്ളവ | 1674.6(@60) | 781.48 |
| 9/238-E | ലോഡ്ജ് | 27.06 | 865.92(@32) | 300ച.മീറ്റർ വരെയുള്ള ലോഡ്ജ്, ഹോട്ടൽ ഉൾപ്പെടെ പ്രത്യേക പാർപ്പിടാവശ്യ | 1623.6(@60) | 757.68 |

| | | | | | |
|---|---|---|---|---|---|
| | | | ത്തിനുള്ളവ | | |
| ആകെ | 148.33 | 5052.32 | | 9282 | 4229.68 |

സഞ്ചയയിൽ പുതുക്കിയ നിരക്ക് പ്രകാരം വസ്തു നികുതി ഈടാക്കാത്തതിനാൽ തൻവർഷം 4229.68 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

2.S2/1498/2023 നമ്പർ ഫയൽ പ്രകാരം അവറാൻ കുട്ടി എന്ന വ്യക്തിക്ക് വാണിജ്യകെട്ടിടത്തിന് നമ്പർ അനുവദിച്ച് നൽകിയിട്ടുണ്ട്.സഞ്ചയ പ്രകാരം ടി കെട്ടിടത്തിന് വസ്തു നികുതി ഈടാക്കിയിട്ടുള്ളത് 01.04.2023 ന് മുമ്പ് നിലനിന്നിരുന്ന വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള ഷോപ്പുകൾ എന്ന ഉപയോഗ ക്രമത്തിൽ ഉൾപ്പെടുത്തിയാണ്.എന്നാൽ ടി കെട്ടിടം ഉൾപ്പെടുത്തേണ്ടിയിരുന്നത് 100 ച.മീറ്ററിന് മുകളിൽ 500 ച.മീറ്റർ വരെയുള്ള വാണിജ്യ കെട്ടിടം എന്ന ഉപയോഗ ക്രമത്തിലാണ്.കൂടാതെ ദ്വിതീയ മേഖലയിലുള്ള ടി കെട്ടിടം ത്രിതീയ മേഖലയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

| കെട്ടിട നമ്പർ | വിസ്തീർണ്ണം ച.മീറ്ററിൽ | ഈടാക്കിയ അടിസ്ഥാന വസ്തു നികുതി/ നിരക്ക് | മേഖലാടിസ്ഥാനത്തിൽ നൽകിയ ഇളവ് | ഈടാക്കേണ്ടിയിരുന്ന അടിസ്ഥാന വസ്തു നികുതി/ നിരക്ക് | മേഖലാടിസ്ഥാനത്തിൽ നൽകേണ്ടിയിരുന്ന ഇളവ് | വസ്തു നികുതി ഈടാക്കിയതിലെ കുറവ് |
|---|---|---|---|---|---|---|
| 5/182-F | 24.27 | 1456.2(@60) | 291.24 | 1698.9 (@70) | 169.89 | 364.05 |
| 5/182-G | 24.27 | 1456.2(@60) | 291.24 | 1698.9 (@70) | 169.89 | 364.05 |
| 5/182-H | 24.27 | 1456.2(@60) | 291.24 | 1698.9 (@70) | 169.89 | 364.05 |
| 5/182-I | 24.27 | 1456.2(@60) | 291.24 | 1698.9 (@70) | 169.89 | 364.05 |
| ആകെ | 97.08 | 5824.8 | 1164.96 | 6795.6 | 679.56 | 1456.2 |

സഞ്ചയയിൽ പുതുക്കിയ നിരക്ക് പ്രകാരം വസ്തു നികുതി ഈടാക്കാത്തതിനാൽ 1456.20 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 7/16.10.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത കെട്ടിടങ്ങൾക്ക് ക്രമ പ്രകാരമുള്ള വസ്തു നികുതി നിർണ്ണയം നടത്തുകയും കുറവ് വന്ന തുക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 1-14 ഉപയോഗ ക്രമം തെറ്റായി വസ്തു നികുതി ഈടാക്കി

S2/4750/2023 നമ്പർ ഫയൽ പ്രകാരം വാസിം റഹ്മാൻ, ഹാഷിം റഹ്മാൻ എന്നീ വ്യക്തികൾക്ക് കെട്ടിടത്തിന് നമ്പർ അനുവദിച്ച് നൽകിയിട്ടുണ്ട്. സഞ്ചയ പ്രകാരം ടി കെട്ടിടം ലോഡ്ജ്,ഹോട്ടൽ ഉൾപ്പെടെ മറ്റ് പ്രത്യേക പാർപ്പിടാവശ്യത്തിനുള്ളവ (300ച.മീറ്റർ വരെയുള്ളവ) എന്ന ഉപയോഗ ക്രമത്തിൽ ഉൾപ്പെടുത്തേണ്ടിയിരുന്നതിന് പകരം പാർപ്പിടാവശ്യം,ഹോം സ്റ്റേ (വിനോദ സഞ്ചാരികൾക്ക് വാടകക്ക് നൽകുന്നത്) 300 ച.മീറ്റർ വരെയുള്ളവ എന്ന വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇക്കാരണത്താൽ പഞ്ചായത്തിന് വസ്തു നികുതി ഇനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| കെട്ടിട.നമ്പർ | വിസ്തീർണ്ണം ച.മീറ്ററിൽ | ഈടാക്കിയ അടിസ്ഥാന വസ്തു നികുതി@6 | ഈടാക്കേണ്ടിയിരുന്ന അടിസ്ഥാന വസ്തു നികുതി @60 | വസ്തു നികുതി ഈടാക്കിയതിലെ കുറവ് |
|---|---|---|---|---|
| 14/309-G | 64.7 | 388.2 | 3882 | 3493.8 |
| 14/309-H | 64.7 | 388.2 | 3882 | 3493.8 |
| ആകെ | 129.4 | 776.4 | 7764 | 6987.6 |

അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 8/16.10.2024

ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത കെട്ടിടങ്ങൾക്ക് ക്രമ പ്രകാരമുള്ള വസ്തുനികുതി നിർണ്ണയം നടത്തുകയും കുറവ് വന്ന തുക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 1-15 പഞ്ചായത്ത് ഹാളിന്റെ വാടക വിശദാംശങ്ങൾ ലഭ്യമല്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ വള്ളിക്കാഞ്ഞിരം എന്ന പ്രദേശത്ത് എ.പി.ജെ അബ്ദുൽ കലാം ഹാൾ എന്ന പേരിൽ ഒരു ഹാൾ വാടകക്ക് കൊടുക്കുന്നുണ്ട്. തൻ വർഷം 5500/- രൂപയാണ് ടി സ്ഥാപനത്തിൽ നിന്നുള്ള വരവ് ലഡ്ജർ പ്രകാരം 18.08.2023. ന് 5000/- രൂപയും 05.10.2023 ന് 5000/-രൂപയും 31.03.2024 ന് 4500/- രൂപയുടെ പിൻവലിക്കലും രേഖപ്പെടുത്തിയിട്ടുണ്ട്. മേൽ ഹാളിന്റെ ബൈലോയോ വാടകക്ക് കെടുക്കുന്നതുമായി ബന്ധപ്പെട്ട ഫയലുകളോ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ലാത്തിനാൽ ഹാളിന്റെ വാടക എത്രയാണെന്ന് മനസ്സിലാക്കനോ ഈ ഇനത്തിലെ വരവിന്റെ കൃത്യത പരിശോധിക്കാനോ സാധിച്ചിട്ടില്ല. ടി ഹാളിന്റെ വാടക 5000/- രൂപയാണെന്നും റെന്റ് ഡെപ്പോസിറ്റ് ഈടാക്കുന്നില്ലെന്നും സെക്ഷനിലെ ഉദ്യോഗസ്ഥനിൽ നിന്ന് അറിയാൻ കഴിഞ്ഞു. എന്നാൽ ഈ ഇനത്തിൽ 05.102023 തീയ്യതിയിലെ 5000/- രൂപയുടെ വരവിൽ നിന്ന് 4500/- രൂപ 31.03.2024 ന് റെന്റ് ഡെപ്പോസിറ്റിലേക്ക് ജേണൽ ചെയ്ത് പിൻവലിച്ചതായി കണ്ടു. ആയതിന്റെ കാരണം വ്യക്തമായിട്ടില്ല. അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.22/18.10.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.അപാകതക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-16 കറന്റ് അക്കൗണ്ടിൽ വലിയ തുക നിലനിർത്തുന്നു- ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം.

ഗ്രാമപഞ്ചായത്തിൽ ഇ-പെയ്മെന്റിനു വേണ്ടി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ആരംഭിച്ച കറന്റ് അക്കൗണ്ടിന്റെ (അക്കൗണ്ട് നമ്പർ-67376990831) 2023-24 വർഷത്തെ വാർഷിക ധനകാര്യ പത്രിക RP-40(a), RP-40(b) എന്നിവ പരിശോധിച്ചതിൽ 01.04.23 ന് 84,17,687/- രൂപ മുൻ ബാക്കിയും 31.3.2024 ന് 60,14,373/- രൂപ നീക്കിയിരിപ്പും ഉണ്ട്.

കൂടാതെ സൗത്ത് ഇന്ത്യൻ ബാങ്കിൽ യു.പി.ഐ ആവശ്യത്തിനായി ഈ വർഷം ആരംഭിച്ച കറന്റ് അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ-0426073000000562) ൽ RP-40(b) പ്രകാരം 11,27,479/- രൂപയുടേയും നീക്കിയിരിപ്പുണ്ട്.

അക്കൗണ്ട് നിലനിർത്തുന്നതിന് വേണ്ട ഒരു നിശ്ചിത തുക നിലനിർത്തിയ ശേഷം ബാക്കി തുക പലിശ ലഭിക്കുന്ന എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നെങ്കിൽ പലിശ ഇനത്തിൽ ഗ്രാമപഞ്ചായത്തില്ന് വരുമാനം ലഭിക്കുമായിരുന്നു എന്നിരിക്കെ കറന്റ് അക്കൗണ്ടിൽ തന്നെ വലിയ തുക നിലനിർത്തിയതിന് കാരണം വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.12/17.10.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.അക്കൗണ്ട് നിലനിർത്തുന്നതിന് വേണ്ട ഒരു നിശ്ചിത തുക നിലനിർത്തിയ ശേഷം ബാക്കി തുക പലിശ ലഭിക്കുന്ന എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-17 രസീതി ബുക്ക് സൂക്ഷിപ്പിലെ അപാകതകൾ

നിറമരുതൂർ ഗ്രാമപഞ്ചായത്തിന്റെ രസീതി ബുക്കുകൾ പരിശോധനക്ക് വിധേയമാക്കിയത് പ്രകാരം ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. 33892/24 തീയ്യതി 02.03.2024രസീതി പ്രകാരം ശാന്തി.സി പേനിവീട്ടിൽ എന്നവരിൽ നിന്നും 820/- രൂപ സ്വീകരിച്ചത് ഡേ ബുക്ക് പ്രകാരം വരവ് വെച്ചിട്ടില്ല. മേൽ രസീതിന് മുകളിൽ കാർബൺ ഉപയോഗിക്കാതെ ക്യാൻസൽഡ് എന്നെഴുതി വെച്ചിട്ടുണ്ടെങ്കിലും ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. പകർപ്പ് രസീത് ബുക്കിന്റെ കൂടെ സൂക്ഷിച്ചിട്ടില്ല.

2.39027/16 മുതൽ 39027/40 കൂടിയ രസീതികളിൽ ഡബിൾ സൈഡ് കാർബൺ ഉപയോഗിക്കാതെയാണ് രേഖപ്പെടുത്തലുകൾ നടത്തിയിട്ടുള്ളത് എന്നതിനാൽ

ഒറിജിനൽ രസീതിയുടെ പുറക് വശത്ത് രേഖപ്പെടുത്തലുകൾ പതിഞ്ഞിട്ടില്ല. ആയതിനാൽ ഗുണഭോക്താവിന് നൽകിയ പകർപ്പിലെ തുക വിവരം ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.39027/41 തീയ്യതി 26.03.24 രസീതിയിലും ഇപ്രകാരമാണ് രേഖപ്പെടുത്തലുകൾ നടത്തിയിട്ടുള്ളത് .എന്നാൽ ആയതിന്റെ പകർപ്പ് കക്ഷിക്ക് നൽകാതെ രസീതിയുടെ കൂടെ സൂക്ഷിച്ചതിൽ രേഖപ്പെടുത്തലുകൾ ഒന്നും പതിഞ്ഞിട്ടില്ല എന്നുള്ളത് ബോധ്യപ്പെട്ടിട്ടുണ്ട്. ഭാവിയിൽ എതെങ്കിലും തരത്തിൽ ടി പകർപ്പ് ദുരുപയോഗം ചെയ്യില്ല എന്നുള്ളത് ഉറപ്പ് വരുത്തേണ്ടതുണ്ട്.

3.39027/15 രസീതിയിലും പകർപ്പിലും ഒന്നും രേഖപ്പെടുത്തുകയോ ക്യാൻസൽ ചെയ്യുകയോ ചെയ്തിട്ടില്ല.ഇതിന് മുമ്പും ശേഷവും ഉള്ള രസീതികൾ ഉപയോഗിച്ചിട്ടുള്ളതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.34/21.10.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.ക്യാൻസൽ ചെയ്ത രസീതിയുടെ കൂടെ ആയതിന്റെ പകർപ്പും ക്യാൻസൽ ചെയ്ത് സൂക്ഷിക്കാത്തത് പണാപഹരണത്തിന് സാധ്യത ഉളവാക്കുന്നതാണ്. ആയതിനാൽ രസീതികൾ കൃത്യതയോടെ ഉപയോഗിക്കേണ്ടതും മേൽ രസീതികൾ ദുരുപയോഗം ചെയ്യുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-18 കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തെ പരിഗണിക്കാതെ ഫർണിച്ചറുകൾ വാങ്ങി

പ്രൊജക്ട്: 141/24: നിറമരുതൂർ ഗവ.യു.പി സ്കൂളിലേക്ക് ഫർണിച്ചർ വാങ്ങൽ
അടങ്കൽ: 139460/- (പൊതു വിഭാഗം സാധാരണ വിഹിതം)
200000/-(മെയ്ന്റനൻസ് ഫണ്ട് റോഡിതരം)
ചെലവ്: 139230/- (പൊതു വിഭാഗം സാധാരണ വിഹിതം)
23150552048201499529/24.03.24 തുക 139230/-

ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ മേൽ പദ്ധതിയിൽ ബെഞ്ചും ഡെസ്കും വാങ്ങുന്നതിനായി HM/141/2023/29.12.2023 നമ്പർ നോട്ടീസ് പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥ അംഗീകൃത സപ്ലയർമാരിൽ /ഏജൻസികളിൽ നിന്നും ബിഡ്ഡുകൾ ക്ഷണിച്ചിട്ടുണ്ട്.എല്ലാ വിധ നികുതികളും ഉൾപ്പെടെയുള്ള യൂണിറ്റ് നിരക്കാണ് ഉൾപ്പെടുത്തേണ്ടതെന്നും ബെഞ്ചിന്റേയും ഡെസ്കിന്റേയും ഫ്രെയിമിന് ഉപയോഗിക്കുന്ന സ്റ്റീൽ ഏത് തരം ആണെന്ന് രേഖപ്പെടുത്തണമെന്നും ബിഡ്ഡിംഗ് നോട്ടീസിൽ നിഷ്കർഷിച്ചിട്ടുണ്ട്.

മേൽ പ്രൊജക്ട് പ്രകാരം വാങ്ങലുകൾ നടത്തിയിട്ടുള്ളത് ആർട്കോ കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നാണ്. ആയതിന്റെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ഇൻവോയ്സ് നമ്പർ | വാങ്ങിയ ഉൽപന്നം | എണ്ണം | തുക/ യൂണിറ്റ് | ആകെ തുക | 18% ജി.എസ്.ടി ഉൾപ്പെടെയുള്ള തുക |
|---|---|---|---|---|---|
| KKD 609/26.02.24 | Steel Frame Bench With Rubwood Top 180x30x45cm | 23 | 2881.36 | 66271.28 | 78200.1 |
| KKD 609/26.02.24 | Steel Frame Desk With Rubwood Top 180x40x75cm | 23 | 3296.61 | 75822.03 | 89470 |
| KKD 608/26.02.24 | Steel Frame Bench With Rubwood Top 180x30x45cm | 23 | 2881.36 | 66271.28 | 78200.1 |
| KKD | Steel Frame | 24 | 3296.61 | 79118.64 | 93360 |

| | | | | | |
|---|---|---|---|---|---|
| 608/26.02.24 | Desk With Rubwood Top 180x40x75cm | | | | |
| | ആകെ | | | 287483.23 | 339230.21 |

മേൽ വാങ്ങലുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചത് പ്രകാരം ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. ആർട്കോ കോഴിക്കോടിനേക്കാൾ കുറഞ്ഞ നിരക്ക് ബിഡ്ഡിൽ രേഖപ്പെടുത്തിയ സ്ഥാപനങ്ങളെ പരിഗണിക്കാതെയാണ് ടി സ്ഥാപനത്തിൽ നിന്ന് വാങ്ങൽ നടത്തിയിട്ടുള്ളത് എന്ന് കണ്ടു. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ.നം | സ്ഥാപനം | നികുതി ഉൾപ്പെടെ ബെഞ്ചിന് ക്വാട്ട് ചെയ്ത തുക | നികുതി ഉൾപ്പെടെ ഡെസ്കിന് ക്വാട്ട് ചെയ്ത തുക | റിമാർക്സ് |
|---|---|---|---|---|
| 1 | ആർട്കോ കോഴിക്കോട്(വാങ്ങൽ നടത്തിയ സ്ഥാപനം) | 3400 | 3890 | L3 |
| 2 | കേരള സിഡ്കോ,കൊച്ചി | 2900.44 | 3600.18 | L2 |
| 3 | കാഡ്കോ , കോഴിക്കോട് | 2542 | 3342 | L1 |
| | | | | |

ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കാഡ്കോ , കോഴിക്കോടിനേയും രണ്ടാമത്തെ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കേരള സിഡ്കോ, കൊച്ചിയേയും തഴഞ്ഞാണ് ആർട്കോ കോഴിക്കോടിൽ നിന്ന് വാങ്ങലുകൾ നടത്തിയിട്ടുള്ളത്. ആർട്കോ കോഴിക്കോട് സമർപ്പിച്ച ബിഡ്ഡിൽ ബിഡ്ഡിംഗ് നോട്ടീസിൽ നിഷ്കർഷിച്ചത് പോലെ സ്റ്റീലിന്റെ തരമൊന്നും രേഖപ്പെടുത്തിയിട്ടില്ലെന്നിരിക്കെയും ഏറ്റവും കുറഞ്ഞ നിരക്ക് അല്ലാതിരുന്നിട്ടും ആയത് അംഗീകരിച്ചതിന്റെ കാരണം വ്യക്തമല്ല.

2.ആവശ്യമുള്ള ബെഞ്ചിന്റേയും ഡെസ്കിന്റേയും എണ്ണം കണക്കാക്കുകയോ ആവശ്യകത വ്യക്തമാക്കുകയോ ചെയ്യാതെ അടങ്കൽ തുകക്ക് അനുസരിച്ച് സപ്ലൈ ഓർഡർ നൽകി വാങ്ങുകയാണ് ചെയ്തിട്ടുള്ളത്.
ഫയൽ പരിശോധിച്ചതിൽ ആകെ ബിൽ തുകയായ 339230.21 ൽ 139230 രൂപയാണ് 2023-24 സാമ്പത്തിക വർഷത്തിൽ സപ്ലയർക്ക് നൽകിയതായി കാണുന്നത്.
അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.20/18.10.2024 ന് നൽകിയ മറുപടിയിൽ മേൽ സ്ഥാപനം മാത്രമാണ് GI പൈപ്പ് ക്വാട്ട് ചെയ്തതെന്നും മറ്റ് സ്ഥാപനങ്ങൾ GP പൈപ്പ് ആണ് ക്വാട്ട് ചെയ്തതെന്നും പറഞ്ഞിട്ടുണ്ട്.എന്നാൽ മേൽ സ്ഥാപനത്തിന്റെ ബിഡ്ഡിലോ ഇൻവോയ്സ് ബില്ലിലോ ഇക്കാര്യം രേഖപ്പെടുത്തിയിട്ടില്ല. കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തത് അംഗീകരിക്കാതിരുന്നതിനാൽ വാങ്ങൽ നടപടികളിൽ 65224.21 രൂപ (ആർട്കോയിൽ നിന്നും വാങ്ങിയ പ്രകാരം ആകെ തുക 339230.21 - കാഡ്കോ ക്വാട്ട് ചെയ്ത പ്രകാരമുള്ള ആകെ തുക 274006 (2542 X 46 + 3342 X 47) നഷ്ടമുണ്ടായതായി കാണുന്നു. ഇക്കാര്യത്തിൽ നടപടി സ്വീകരിക്കേണ്ടതാണ്. ആയതിനാൽ തൻവർഷം ചെലവഴിച്ച 139230 രൂപ തടസ്സം ചെയ്യുന്നു.

## 1-19 എസ്.എസ്.കെ പദ്ധതി- വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല

പ്രൊജക്ട് : 19/2024 എസ്.എസ്.കെ വിഹിതം അടവാക്കൽ
നിർവ്വഹണോദ്യോഗസ്ഥൻ- ഹെഡ്മാസ്റ്റർ
അടങ്കൽ - 6,00,000 (പൊതുവിഭാഗം സാധാരണ വിഹിതം )
ചെവവ് - 6,00,000/-(പൊതുവിഭാഗം സാധാരണ വിഹിതം)
BRN: 23150552048201088537/18-01-2024 : 6,00,000/-

ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം 6,00,000 രൂപ സ്റ്റേറ്റ് പ്രൊജക്ട് ഡയറക്ടർ, എസ്.എസ്.കെ ക്ക് നൽകിയിട്ടുണ്ട്.

പതിനാലാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ(കൈ)നം.84/2022/ത.സ്വ.ഭ.വ. തീയതി.19.04.2022) ഖണ്ഡിക 8.6(3) പ്രകാരം ഗ്രാമ പഞ്ചായത്തുകൾ ഗവൺമെന്റ് നിശ്ചയിക്കുന്ന തുക എസ്.എസ്.കെ. പ്രോജക്ടുകൾക്ക് വകയിരുത്തണം. എസ്.എസ്.കെ.(സമഗ്ര ശിക്ഷാ കേരളം) പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണം. പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷാ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. ഖണ്ഡിക 8.6(4) പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്ര ശിക്ഷാ കേരളം പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ്.എസ്.കെ. പ്രോജക്ട് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ ഇടപെടൽ അടക്കമുള്ള പങ്കാളിത്തം എസ്.എസ്.കെ ഉറപ്പാക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ചെലവഴിക്കുമ്പോൾ അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് സമഗ്ര ശിക്ഷാ കേരളത്തിൽ നിന്നും കൃത്യമായി നൽകണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ പദ്ധതി മാർഗ്ഗരേഖയിൽ അനുശാസിക്കുന്നത് പ്രകാരം പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചതിന്റെ വിവരം, 6,00,000 രൂപ കൈപ്പറ്റിയതിന്റെ രശീതി, പഞ്ചായത്ത് പരിധിയിൽപ്പെട്ട കൂളുകളിൽ പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന വിനിയോഗ സാക്ഷ്യപത്രം എന്നിവയും ലഭ്യമല്ല. (പ്രൊജക്ട് ഫയലിലുള്ള ജില്ലാ പ്രൊജക്ട് കോ-ഓർഡിനേറ്റർ എസ്.എസ്.കെ. യുടെ 20.06.2023 ലെ എ-1646/23/Ssk/ Mpm പ്രകാരമുള്ള വിനിയോഗ സാക്ഷ്യപത്രം മാർഗ്ഗ രേഖ അനുശാസിക്കും പ്രകാരമുള്ളതല്ല). അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 21/18.10.2024 ന് നൽകിയ മറുപടി പ്രകാരം ലഭ്യമാക്കിയത് മേൽ സൂചിപ്പിച്ചത് പ്രകാരമുള്ള വിനിയോഗ സാക്ഷ്യപത്രം അല്ല. വിശദ വിവരം ഉൾക്കൊള്ളുന്ന വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ചിലവ് തുക 6,00,000/-രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-20 മത്സ്യ തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പദ്ധതിയിൽ പഞ്ചായത്തിലെ വിവിധ സ്കൂളുകളിലെ മത്സ്യതൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ നൽകിയിട്ടുണ്ട്. ബിഡ്ഡിംഗ് നടപടികളിലൂടെ ആർട്ട്കോയിൽനിന്നുമാണ് ഫർണിച്ചർ വാങ്ങിയിട്ടുള്ളത്.

| പ്രൊജക്ട് | റിമാർക്സ് |
|---|---|
| 137/24മത്സ്യതൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ നൽകൽ | 48 വിദ്യാർത്ഥികൾക്ക് മേശയും കസേരയും നൽകി |

| | |
|---|---|
| അടങ്കൽ:2,40,000 (വികസനഫണ്ട് പൊതുവിഭാഗം)<br>ചെലവ്:2,39,021<br>(BRN.23150552035501509041/ 25.03.2024) | |

പദ്ധതി പ്രകാരം ആകെ 48 വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം ചെയ്തിട്ടുണ്ട്. വിവിധ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അവരുടെ അപേക്ഷയുടെയും വിദ്യാർത്ഥിയാണെന്ന സാക്ഷ്യപത്രത്തിന്റെയും അടിസ്ഥാനത്തിലാണ് ഫർണിച്ചർ വിതരണം ചെയ്തിട്ടുള്ളത്.

പദ്ധതി നിർവ്വഹണത്തിൽ താഴെ പരാമർശിക്കുന്ന അപാകതകളുണ്ട്.

1.സബ്സിഡി,ധനസഹായം,അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗ്ഗരേഖ സ.ഉ(കൈ)നം. 115/2022/ത.സ്വ.ഭ.വ തിയ്യതി 28/05/2022 ലെ ഖണ്ഡിക 7.3.2 പ്രകാരം മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് സ്കൂൾ അധികൃതരിൽ നിന്ന് ലഭിക്കുന്ന വിദ്യാർത്ഥികളുടെ ലിസ്റ്റ് പ്രകാരം ഫർണ്ണിച്ചർ വാങ്ങി സ്കൂൾ അധികൃതർ മുഖേന നൽകണം. എന്നാൽ സ്കൂൾ അധികതർ മുഖേനയല്ലാതെ നേരിട്ട് അപേക്ഷ സ്വീകരിച്ച് വിതരണം ചെയ്യുകയാണ് ഉണ്ടായത്.

2. ഒരു വിദ്യാർത്ഥിക്ക് ഒരിക്കൽ മാത്രമേ ഈ ആനുകൂല്യം നൽകുവാൻ പാടുള്ളൂ. മേൽ വിദ്യാർത്ഥികൾക്ക് മുമ്പ് ഇതേ ആനുകൂല്യം ലഭിച്ചിട്ടുണ്ടോ എന്നത് ഫയലിൽ നിന്നും വ്യക്തമല്ല.

പരാമർശത്തിന് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകചയറി:13/17.10.2024 ക്ക് നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടി ഇപ്രകാരമാണ്.

"ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിലെ വിദ്യാർത്ഥികളുടെ അർഹത പരിശോധിച്ച് ഉറപ്പു വരുത്തിയാണ് വിതരണം ചെയ്തിട്ടുള്ളത്. വിതരണത്തിലും സ്കൂളുകളിലെ സ്റ്റോറേജ് സൗകര്യങ്ങളിലെ അപര്യാപ്തതയും വിദ്യാർത്ഥികൾ വിവിധ സ്കൂളുകളിൽ പഠിക്കുന്നവരായത് കാരണവുമാണ് പദ്ധതി നിർവ്വഹണം ഇപ്രകാരം ചെയ്തത്. മത്സ്യ തൊഴിലാളി ക്ഷേമനിധി പാസ്ബുക്കിലെ രേഖപ്പെടുത്തലുകൾ പരിശോധിച്ചാണ് ബന്ധപ്പെട്ട വകുപ്പിൽ നിന്നും ആനുകൂല്യം കൈപ്പറ്റിയില്ല എന്ന് ഉറപ്പു വരുത്തുന്നത്"

സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്യണമെന്നതുൾപ്പെടെയുള്ള വ്യവസ്ഥ പാലിക്കാത്തതിന് നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി പര്യാപ്തമല്ല. മത്സ്യതൊഴിലാളി ക്ഷേമനിധി പാസ്ബുക്ക് അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടുണ്ടെങ്കിലും മുമ്പ് ആനുകൂല്യം നൽകിയില്ല എന്ന് രേഖപ്പെടുത്തിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. പദ്ധതി നിർവ്വഹണത്തിൽ പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കപ്പെടുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതാണ്. രേഖാമൂലം വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-21 മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ്- സമയബന്ധിതമായി നടപ്പാക്കാത്തത്- മറ്റ് അപാകതകൾ

പ്രൊജക്ട് നമ്പർ- 138/24 മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ്

അടങ്കൽ- 240000 രൂപ (വികസന ഫണ്ട് -പൊതുവിഭാഗം)

ചെലവ്- 223644 രൂപ

BRN. No. 23150552035501280003/27.02.24

മേൽ പ്രൊജക്ട് പ്രകാരം 6 ഗുണഭോക്താക്കൾക്ക് കെൽട്രോണിൽ നിന്നും ലാപ്പ് ടോപ്പ് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകളുണ്ട്.

1. 01.02.2024 ലെ പ്രൊഫോർമ ഇൻവോയ്സ് KSEDC /CLT/PRO/23-24/271 പ്രകാരം 30 ദിവസത്തിനകം ലാപ്ടോപ്പുകൾ ലഭ്യമാക്കണം. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്റർ/കൈപ്പറ്റ് പ്രകാരം 03.08.24 നാണ് വിദ്യാർത്ഥികൾക്ക്

ലാപ്ടോപ്പ് വിതരണം ചെയ്തിട്ടുള്ളത്. ഹാജരാക്കിയ സ്ഥാപന മേധാവികളുടെ സാക്ഷ്യ പത്രങ്ങൾ പ്രകാരം നൂഫാ ജാസ്മിൻ (മൂന്നാം വർഷ ബികോം വിദ്യാർത്ഥിനി- ടി.എം.ജി.കോളേജ് തിരൂർ), റഫ്നി പി.പി ( മൂന്നാം വർഷ ബി.എസ്.ഡബ്ല്യു-കെ.എം.സി.ടി കോളേജ്, കുറ്റിപ്പുറം),മുഹമ്മദ് സജാദ് അലി സെയ്ത് ( മൂന്നാം വർഷ കംപ്യൂട്ടർ ആപ്ലിക്കേഷൻ-മൗലാന കോളേജ് ചേന്നര) എന്നീ വിദ്യാർത്ഥികൾക്ക് പഠന കാലാവധി കഴിഞ്ഞാണ് ലാപ്ടടോപ്പ് നൽകിയിട്ടുള്ളത്. ഇക്കാരണത്താൽ പഠനാവശ്യത്തിന് എന്ന ലക്ഷ്യം കൈവരിക്കാനായില്ല.

2. 2023-24 വർഷത്തേക്കാണ് പദ്ധതി നടപ്പാക്കിയത്. ഗുണഭോക്താക്കളുടെ അർഹത ഉറപ്പു വരുത്തുകയും ആവശ്യമായ സാക്ഷ്യപത്രങ്ങൾ സമർപ്പിക്കുകയും ചെയ്തശേഷമാണ് വാങ്ങൽ നടപടികൾ പൂർത്തിയാക്കേണ്ടത്. എന്നാൽ നൂഫാ ജാസ്മിയ (16.08.24 ന്), റഫ്നി.പി.പി (12.08.24ന്) , ഫാത്തിമത്തുൽ അസ്‌ലമിയ (29.8.24ന്) എന്നീ ഗുണഭോക്താക്കൾ ലാപ്ടോപ്പ് കൈപ്പറ്റിയ ശേഷമാണ് സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം ഹാജരാക്കിയത്.

3. നിശ്ചിത സ്പെസിഫിക്കേഷൻ പ്രകാരം ഉള്ളതാണെന്ന് TA യുടെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

4.ഫിഷറീസ് വകുപ്പിൽ നിന്നോ ഗ്രാമപഞ്ചായത്തിൽ നിന്നോ മുമ്പ് ലാപ്ടോപ്പ് ലഭ്യമായിട്ടില്ല എന്ന് ഉറപ്പു വരുത്തിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

5.മോണിട്ടറിങ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി 14/17.10.2024 ആയി പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പട്ടതിന് ലഭ്യമാക്കിയ മറുപടി താഴെ പറയും പ്രകാരമാണ്.

“ ലാപ്ടോപ്പ് വിതരണം ചെയ്ത തിയ്യയി 3.09.24 ആണ്. തിയ്യതി തെറ്റായി രേഖപ്പെടുത്തിയതാണ്. 3 വിദ്യാർത്ഥികൾ മൂന്നാം വർഷ ബിരുദ വിദ്യാർത്ഥികളായിരുന്നു. അവർക്ക് ഉപരിപഠന സാദ്ധ്യതകൾ തുടർന്നും ഉണ്ടെന്നതിനാലും ഭാവിയിൽ തിരഞ്ഞെടുക്കുന്ന കോഴ്സുകൾ ലാപ്ടോപ്പ് ലഭിക്കുന്നതിനുള്ള അർഹതാ മാനദണ്ഡം പാലിച്ചില്ലെങ്കിൽ അവസരം നഷ്ടപ്പെടുന്ന സാഹചര്യം സംജാതമായേക്കുമെന്നതിനാലുമാണ് ലാപ്ടോപ്പ് നൽകിയത്. CPRCS മുഖേനയാണ് ലാപ്ടോപ്പ് പർച്ചേസ് ചെയ്തിരിക്കുന്നത്. സ്പെസിഫിക്കേഷൻസ് ചേർത്താണ് റികിസിഷൻ നൽകിയത് എന്നതിനാലാണ് TA യുടെ പരിശോധനാ സാക്ഷ്യപത്രം വെക്കാതിരുന്നത്. ക്ഷേമനിധി പാസ്ബുക്കിൽ വകുപ്പിൽ നിന്നും ലഭിച്ച ആനുകൂല്യം സംബന്ധിച്ച രേഖപ്പെടുത്തൽ നടത്തുന്നതിനാലാണ് മുമ്പ് ആനുകൂല്യം നൽകിയിട്ടില്ല എന്ന സാക്ഷ്യ പത്രം ആവശ്യപ്പെടാതിരുന്നത്”

നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി ഓഡിറ്റ് പരാമർശം ശരിവെക്കുന്നതാണ്. മറുപടിയോടൊപ്പം ഹാജരാക്കിയ മോണിറ്ററിംഗ് റിപ്പോർട്ട് നിർവ്വഹണ ഉദ്യോഗസ്ഥൻ തന്നെ ഒപ്പു വെച്ചിട്ടുള്ളതാണ്. സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി രൂപീകരിച്ച മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ടല്ല ഹാജരാക്കിയത്.

പദ്ധതി മാർഗ്ഗരേഖ പാലിച്ചു കൊണ്ട് നിർവ്വഹണം നടത്തുന്നതിൽ കൂടുതൽ ജാഗ്രത പാലിക്കണമെന്ന് ഓഡിറ്റ് നിർദ്ദേശിക്കുന്നു. പരാമർശങ്ങൾ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽ പെടുത്തുന്നു. ക്രമ നം(3), (4) അപാകത സംബന്ധിച്ച് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-22 തുറന്ന കിണറിന് ധനസഹായം- അപാകതകൾ

പ്രൊജക്ട് - 22/24 തുറന്ന കിണർ-എസ്.സി

നിർവ്വഹണം- അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ- 350000 (വികസന ഫണ്ട്- എസ്.സി.പി :50,000, ധനകാര്യ കമ്മീഷൻ അവാർഡ്: 3,00,000)

ചെലവ്- 2,01,153 (ധനകാര്യ കമ്മീഷൻ അവാർഡ്)

വൗച്ചർ നമ്പർ- 42300826/31-03-2024

ഈ പ്രൊജക്ടിൽ ഉൾപ്പെടുത്തി 5 ഗുണഭോക്താക്കൾക്ക് 35000 രൂപ വീതവും ഒരാൾക്ക്

26153 രൂപയും ധനസഹായം നൽകിയിട്ടുണ്ട്.

പ്രൊജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകളുണ്ട്.

1.സർക്കാർ ഉത്തരവ് (കൈ) നം.115/2022/ ത.സ്വ.ഭ.വ തിയ്യതി 28/05/2022 ലെ ഖണ്ഡിക 6.6.1 പ്രകാരം പൊതു കുടിവെള്ള സംവിധാനത്തിൽ നിന്നും ഹൗസ് കണക്ഷൻ ലഭിക്കാൻ സാദ്ധ്യതയില്ലെങ്കിൽ മാത്രമാണ് ഈ ആനുകൂല്യത്തിന് അർഹതയുള്ളത്.

2.മുൻ വർഷങ്ങളിൽ ഈ ആനുകൂല്യം ലഭിക്കാത്തവർക്ക് മാത്രമാണ് അർഹത.

3.മഴ വെള്ളം റീചാർജ് ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കണം.

മേൽ മാനദണ്ഡങ്ങൾ പ്രൊജക്ട് നിർവ്വഹണത്തിൽ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടെങ്കിൽ ആയതിനുള്ള രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 9/16.10.24 ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ/ വിശദാംശങ്ങൾ ലഭ്യമാക്കാത്തതിനാൽ ചെലവു തുക 2,01,153 രൂപ തടസ്സം ചെയ്യുന്നു.

## 1-23 പരിരക്ഷ പദ്ധതി മരുന്ന് ലഭ്യമായില്ല.

പരിരക്ഷാ പദ്ധതിക്ക് മരുന്ന് വാങ്ങിയതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | 2023-24 |
|---|---|
| പ്രൊജക്ട് നമ്പർ/ പേര് | 14/23-24<br>പരിരക്ഷ പദ്ധതി |
| ആകെ അടങ്കൽ | 7,60,000 രൂപ (വികസന ഫണ്ട്)<br>3,00,000(ബ്ലോക്ക് പഞ്ചായത്ത വിഹിതം) |
| ചെലവ് | 6,89,705 രൂപ (വികസനഫണ്ട്) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി |

ഈ പ്രൊജക്ടിൽ ഉൾപ്പെടുത്തി പരിരക്ഷാ പദ്ധതിക്ക് മരുന്ന് വാങ്ങുന്നതിനായി 3 ലക്ഷം രൂപ(ബിആർ എൻ നമ്പർ 231505520351010005172/30.12.23) മുൻകൂറായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് മുൻകൂർ നൽകിയിട്ടുണ്ട്. (പ്രൊഫോർമ ഇൻവോയ്സ് നമ്പർ PRF-1970/3.11.23). ആയതിൽ 68,706 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അടവാക്കിയ തുക | പ്രൊഫോർമ ഇൻവോയ്സ് | ലഭിച്ച മരുന്നിന്റെ വില | | ലഭിക്കുവാൻ അവശേഷിക്കുന്ന മരുന്നിന്റെ വില |
|---|---|---|---|---|
| | | ഇൻവോയ്സ് നമ്പർ | വില | |
| 3,00,000 | PRF1970/3.11.23 | 41374/20.8.24 | 1926 | 2,31,294 |
| | | 19297/1.7.24 | 7713 | |
| | | 32134/30.7.24 | 1445 | |
| | | 7152/28.5.24 | 18562 | |
| | | 25514/24.1.24 | 58 | |
| | | 25460/22.1.24 | 22203 | |
| | | 48838/19.9.24 | 90 | |
| | | 1123/6.4.24 | 2391 | |
| | | 30039/11.3.24 | 8710 | |
| | | 48964/19.9.24 | 349 | |
| | | 50467/9.10.24 | 1159 | |

| | | | | |
|---|---|---|---|---|
| | | 50233/7.10.24 | 4100 | |
| | | | 68,706 | |

അവശേഷിക്കുന്ന 2,31,294(3,00,000-68,706) രൂപയുടെ മരുന്നുകൾ ലഭിക്കുവാൻ സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നമ്പർ 18/18.10.24 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. മരുന്നുകൾ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-24 എഫ് എച്ച് സിയിലേക്ക് മരുന്ന് ലഭ്യമായില്ല.

എഫ്എച്ച്സിയിലേക്ക് മരുന്ന് വാങ്ങിയതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | 2023-24 |
|---|---|
| പ്രൊജെക്ട് നമ്പർ/ പേര് | 16/23-24<br>എഫ് എച്ച് സിയിലേക്ക് മരുന്നു വാങ്ങൽ |
| ആകെ അടങ്കൽ | 4,98,157രൂപ<br>സി എഫ് സി<br>5,00,000<br>എം ജി നോൺ റോഡ് |
| ചെലവ് | 7,96,989രൂപ |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ എഫ് എച്ച് സി |

പ്രൊജക്ടിൽ ഉൾപ്പെടുത്തി ബിആർ എൻ നമ്പർ 2315055203510074l680/2.11.23 പ്രകാരം 4 ലക്ഷം രൂപ മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് ഫണ്ടിൽ നിന്നും മരുന്ന് വാങ്ങുന്നതിനായി മുൻകൂറായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ നിക്ഷേപിച്ചിട്ടുണ്ട്.(പ്രൊഫോർമ ഇൻവോയ്സ് നമ്പർ PRF-1584/5.10.23). ആയതിൽ 2,73,732 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അടവാക്കിയ തുക | പ്രൊഫോർമ ഇൻവോയ്സ് | ലഭിച്ച മരുന്നിന്റെ വില | | ലഭിക്കുവാൻ അവശേഷിക്കുന്ന മരുന്നിന്റെ വില |
|---|---|---|---|---|
| | | ഇൻവോയ്സ് നമ്പർ | തുക | |
| 4,00,000 | PRF1584/5.10.23 | 48624/18.9.24 | 6216 | 1,26,268 |
| | | 27980/14.2.24 | 13477 | |
| | | 219/2.4.24 | 13138 | |
| | | 7620/27.5.24 | 32757 | |
| | | 8553/30.5.24 | 5656 | |
| | | 42229/21.8.24 | 1949 | |
| | | 220/2.4.24 | 78748 | |
| | | 26925/13.2.24 | 4224 | |
| | | 27463/22.2.24 | 5645 | |
| | | 25785/30.1.24 | 5510 | |
| | | 25705/29.1.24 | 9050 | |
| | | 39962/16.8.24 | 1310 | |
| | | 26025/3.2.24 | 40118 | |
| | | 22005/28.11.23 | 2117 | |
| | | 28351/28.2.24 | 12839 | |
| | | 5924/17.5.24 | 40978 | |
| | | | | |

| | | | | |
|---|---|---|---|---|
| | | | 2,73,732 | |

അവശേഷിക്കുന്ന 1,26,268 (4,00,000-2,73,732)രൂപയുടെ മരുന്നുകൾ ലഭിക്കുവാൻ സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.ഇതു സംബന്ധിച്ച് നമ്പർ 19/18.10.24 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.എന്നാൽ മറുപടി ലഭ്യമാക്കിയില്ല. ലഭിക്കുവാൻ അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-25 അസി. എഞ്ചിനീയർ കാഷ്ബുക്ക് സൂക്ഷിക്കുന്നതിലെ അപാകതകൾ

ഒരു ഓഫീസിലെ സാമ്പത്തിക ഇടപാടുകളുടെ അടിസ്ഥാന രേഖയാണ് കാഷ്ബുക്ക്. കേരള ട്രഷറി കോഡ് റൂൾ 92 പ്രകാരം എല്ലാ സർക്കാർ ഓഫീസുകളിലും TR7A മാതൃകയിലുള്ള കാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച GO(P) 177/2006/Fin Dt 12.04.2006 നമ്പർ ഉത്തരവിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ നിർവഹണോദ്യോഗസ്ഥരും നിശ്ചിത മാതൃകയിലുള്ള കാഷ്ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുമുണ്ട്. അസി. എഞ്ചിനിയറുടെ ഓഫീസിന്റെ ചെലവ് രേഖകൾ പരിശോധിച്ചതിൽ ഓഫീസിലെ കാഷ്ബുക്ക് ശരിയായി എഴുതി സൂക്ഷിക്കുന്നില്ല എന്ന് വ്യക്തമായി. പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1 അസി.എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് /ട്രഷറി അക്കൗണ്ടുകളിലെ വരവ് ചെലവുകൾ കാഷ്ബുക്കിൽ രേഖപ്പെടുത്തുന്നില്ല. അത് കൊണ്ട് തന്നെ ക്യാഷ് ബുക്കിൽ എല്ലാ പണമിടപാടുകളും പ്രതിഫലിക്കുന്നില്ല.

2. കാഷ്ബുക്കിൽ ദൈനംദിന/പ്രതിമാസ / വാർഷിക ക്ലോസിംഗ് നടത്തിയിട്ടില്ല.

3. പണമിടപാടുകളുടെ കൃത്യമായ വിവരം രേഖപ്പെടുത്തുന്നില്ല. വരവ് തുകയുടെ Source, രശീതി നം./ ബിൽ നം. എന്നിവ വരവ് ഭാഗത്തും ചെലവ് ഭാഗത്ത് വൗച്ചർനമ്പർ , തിയതി തുടങ്ങിയ വിവരങ്ങളും എൻട്രി വരുത്തുന്നില്ല. ഓരോ പണമിടപാടുകളും കൃത്യമായി തിയ്യതി, ക്ലാസിഫിക്കേഷൻ എന്നിവ സഹിതം രേഖപ്പെടുത്തുകയോ അസി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.

നിർദ്ദിഷ്ഠം രീതിയിൽ ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കാത്തതിനാൽ പണമിടപാടുകളുടെ കൃത്യമായ അക്കൗണ്ടിംഗും സുതാര്യതയും ഉറപ്പ് വരുത്തുന്നതിനും പണമിടപാടുകൾ നിരീക്ഷിക്കുന്നതിനും സംവിധാനമില്ല.

ഇതു സംബന്ധിച്ച് നമ്പർ 4/16.10.24 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. കാഷ്ബുക്ക് കൃത്യമായി എഴുതി സൂക്ഷിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമെന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-26 പൊതു മരാമത്ത് പദ്ധതികളുടെ നിർവ്വഹണം - അവലോകനം

1 അസി. എഞ്ചിനീയറുടെ പ്രോജക്ട് വിശകലനം ചുവടെ ചേർക്കുന്നു.

| | സ്പിൽഓവർ | പുതിയത് | ആകെ |
|---|---|---|---|
| അംഗീകരിച്ച പ്രോജക്ടുകൾ | 47 | 63 | 110 |
| നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ | 38 | 24 | 62 |
| നിർവ്വഹണം നടത്താത്ത പ്രോജക്ടുകൾ | 9 | 39 | 48 |
| | | | |

| | | | |
|---|---|---|---|
| വകയിരുത്തിയ ഫണ്ട് | | | 2,93,73,582 |
| ചെലവഴിച്ചത് | | | 1,61,20,350 |
| ചെലവ് ശതമാനം | | | 54.8% |

പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാനാവാത്തതിനു കാരണം വിശദീകരിക്കേണ്ടതാണ്.

2 സ്പിൽ ഓവർ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല

ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തെ വാർഷിക പദ്ധതിയിലുൾപ്പെടുത്തിയിരുന്ന 47 പ്രോജക്ടുകൾ പ്രസ്തുത വർഷത്തിൽ പൂർത്തീകരിക്കാനാവാതെ 2023-24 വർഷത്തെ വാർഷിക പദ്ധതിയിൽ സ്പിൽഓവർ ആയി ഉൾപ്പെടുത്തിയിരുന്നു. എന്നാൽ ടി-പ്രവൃത്തികളിൽ 9 പ്രവൃത്തികൾ 2023-24 വർഷത്തിലും പൂർത്തിയാക്കുകയോ ബിൽ തുക നൽകുകയോ ചെയ്തിട്ടില്ല. അംഗീകാരം ലഭിച്ച് നിർവ്വഹണ നടപടികൾ ആരംഭിച്ച് ഏറ്റെടുത്ത വർഷത്തിനുള്ളിൽ ഭൗതികവും സാമ്പത്തികവുമായ പൂർത്തീകരണം നടത്താൻ കഴിയാത്തതിനാലാണ് അവ പൂർത്തീകരിക്കുന്നതിന് അടുത്ത വാർഷിക പദ്ധതിയിൽ സ്പിൽഓവർ പ്രോജക്ടുകളായി പരിഗണിക്കുന്നത്. എന്നാൽ അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കുന്ന പ്രസ്തുത പ്രവൃത്തികൾ അവ സ്പിൽഓവർ ആയ വർഷവും പൂർത്തീകരിച്ചിട്ടില്ല. ഇക്കാരണത്താൽ പ്രസ്തുത പ്രോജക്ടുകൾ വീണ്ടും സ്പിൽ ഓവർ ആവുകയും സ്പിൽ ഓവർ പ്രോജക്ടുകളുടെ എണ്ണം കൂടാൻ കാരണമാകുകയും ചെയ്യുന്നുണ്ട്. മാത്രമല്ല വകയിരുത്തിയ ഫണ്ട് ലാപ്സാകുന്നതിനും പ്രോജക്ട് തയ്യാറാക്കിയതിലൂടെ ആ പ്രദേശത്തെ ജനങ്ങൾക്ക് നൽകിയ വാഗ്ദാനം പാലിക്കപ്പെടാതെ വരികയും ചെയ്തിട്ടുണ്ട്.

3 ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

ഗ്രാമപ്പഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്. പദ്ധതി പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമായി. പദ്ധതികൾ നടപ്പിലാക്കുന്നതിന് മുൻപ് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

4 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിൽ ആസ്തി രജിസ്റ്റർ ആസ്തിയുടെ മൂല്യം ഉൾപ്പെടുത്തി കാലികമാക്കി സൂക്ഷിച്ചിട്ടില്ല.ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

5 R-ട്രാക്ക് സർവ്വേ സംബന്ധിച്ച്

ഗ്രാമ പഞ്ചായത്തിൽ 57.71 കിലോമീറ്റർ റോഡ് R ട്രാക്ക് സർവ്വേ പൂർത്തീകരിച്ച് അസി.എഞ്ചിനീയർ,അസി.എക്സിക്യൂട്ടിവ് എഞ്ചിനീയർ തലങ്ങളിലെ പരിശോധന പൂർത്തിയാക്കുകയും 30.9.24 ലെ 2/1 നമ്പർ ഗ്രാമ പഞ്ചായത്ത് തീരുമാനപ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

6 അസി. എഞ്ചിനീയർ ഓഫീസിലെ സ്റ്റാഫിന്റെ വിശദാംശങ്ങൾ

അസി. എഞ്ചിനീയർ ഓഫീസിൽ ഒരു അസി. എഞ്ചിനീയറും രണ്ട് ഓവർസിയർമാരും ഒരു താൽക്കാലിക ക്ലാർക്കുമാണ് നിലവിലുള്ളത്.

7 മോണിട്ടറിംഗ്

സ.ഉ(കൈ)നം.84/2022/ത.സ്വ.ഭ.വ തി.19/04/2022 പദ്ധതി മാർഗ്ഗ രേഖ പ്രകാരം പ്രൊജക്ട്

മോണിട്ടറിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണെന്നും മോണിട്ടറിംഗ് കമ്മിറ്റി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്. കൂടാതെ പൊതുമരാമത്ത് പ്രവർത്തികൾക്ക് നിലവിലുള്ള പ്രാദേശിക മോണിട്ടറിംഗ് സംവിധാനത്തിന് പുറമെ പൊതുമരാമത്ത് മാന്വൽ അനുശാസിക്കും വിധം മോണിട്ടറിംഗ് സംവിധാനം കൂടി നടപ്പിലാക്കണമെന്നും തുടക്കമെന്ന നിലയിൽ ആകെ പ്രൊജക്ടുകളുടെ ഒരു ശതമാനം പ്രൊജക്ടുകളെങ്കിലും റാൻഡം രീതിയിൽ തെരഞ്ഞെടുത്ത് പൊതുമരാമത്ത് മാന്വൽ നിഷ്കർഷിക്കുന്ന പ്രകാരമുള്ള ഗുണ നിലവാരമുള്ള പരിശോധനക്ക് വിധേയമാക്കണമെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്.എന്നാൽ അപ്രകാരം ചെയ്തതിന്റെ രേഖകൾ ലഭ്യമല്ല. ഇതു സംബന്ധിച്ച നമ്പർ പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ഓഡിറ്റ് എൻക്വയറിക്ക് താഴെ പറയും പ്രകാരം മറുപടി നൽകിയിട്ടുണ്ട്.
1 ഫണ്ട് യഥാസമയം ലഭിക്കാത്തത് പൊതു മരാമത്ത് പ്രവർത്തികളെ ബാധിക്കുന്നുണ്ട്.
2 സ്പിൽ ഓവർ പ്രവൃത്തികൾ പൂർത്തിയാകാത്തത് വൈദ്യുതി വകുപ്പിൽ നിന്നും യഥാസമയം കണക്ഷൻ ലഭിക്കാത്തതിനാലും സ്ഥലം സംബന്ധിച്ച ചില തർക്കങ്ങൾ നില നിൽക്കുന്നതും കൊണ്ടാണ്.
3 ആസ്തി സംരക്ഷണ പദ്ധതികൾ നടപ്പ് സാമ്പത്തിക വർഷം തന്നെ ഉൾപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
4 ആസ്തി രജിസ്റ്റർ അവയുടെ മൂല്യം ഉൾപ്പെടുത്തി കാലികമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
5 മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടുകൾ സൂക്ഷിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
6 അസി. എഞ്ചിനീയറുടെ കാര്യലയത്തിൽ ആവശ്യത്തിന് ഐ ടി ഉപകരണങ്ങൾ ലഭ്യമാക്കേണ്ടതിന്റെ ആവശ്യകതയും ബിൽഡിംഗ് പെർമിറ്റ് ഫയലുകളുടെ ബാഹുല്യം പൊതു മരാമത്ത് പ്രവത്തികളുടെ നിർവഹണത്തെ ബാധിക്കുന്നത്. 22.10.24 ലെ എക്സിറ്റ് മീറ്റിംഗിൽ ചർച്ച ചെയ്തു. പരിഹാര നടപടികൾ ഉണ്ടാകുമെന്ന് ഗ്രാമ പഞ്ചായത്ത് വ്യക്തമാക്കി. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 എംസിഎഫ് കെട്ടിടം പ്രയോജനപ്പെടുത്താൻ നടപടി സ്വീകരിക്കുന്നില്ല.

ഗ്രാമ പഞ്ചായത്തിന്റെ എംസിഎഫ് കെട്ടിടത്തിന്റെ ഒന്നാം നില നിർമ്മാണം സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ / പേര് | So 177/23-24<br>എംസിഎഫ് -ഒന്നാം നില നിർമ്മാണം |
| അടങ്കൽ | 5,50,000 ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| നിർവ്വഹണം | അസി.എഞ്ചിനീയർ |
| ചെലവ് | 4,64,702<br>XVFC/2023-24//P/11 തി. 4.11.23 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ |

ഗ്രാമപഞ്ചായത്തിന്റെ 15ാംവാർഡിൽ സ്ഥിതി ചെയ്യുന്ന പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള എംസിഎഫ് കെട്ടിടത്തിന്റെ ഒന്നാം നിലയിലാണ് മേൽ പരാമർശിച്ച മരാമത്ത് പണികൾ ചെയ്തിട്ടുള്ളത്.എസ്റ്റിമേറ്റ് പ്രകാരമുള്ള ട്രസ്സ് വർക്ക്,ഷീറ്റ് റൂഫിംഗ് ,വാൾ വിത്ത് സോളിഡ് ബ്ലോക്ക്,പ്ലാസ്റ്ററിംഗ് , പ്രൈമർ,പെയിന്റിംഗ് ,ടൈൽ വർക്ക്

,ലാഡർ എന്നിവയാണ് നിർവഹിച്ചിട്ടുള്ളത്. കരാറുകാരനായ ശ്രീ. ഷംസു കെ.വി.യുമായി 21.3.23 ന് ഗ്രാമ പഞ്ചായത്ത് കരാർ ചമക്കുകയും 27.10.23 ന് പ്രവൃത്തി പൂർത്തിയാക്കുകയും ചെയ്തു.

17.10.24 ന് നടത്തിയ സ്ഥല പരിശോധനയിൽ എംസിഎഫ് കെട്ടിടം അടച്ചിട്ട നിലയിലാണ് കാണപ്പെട്ടത്. എംസിഎഫിനോടനുബന്ധിച്ച് സോർട്ടിംഗ് ഏരിയയോ , എംസിഎഫിന് ചുറ്റുമതിലോ ഇല്ല. വലിയ വാഹനങ്ങൾക്ക് കടന്നു വരാൻ തക്ക വിധത്തിൽ എംസിഎഫിലേക്ക് റോഡ് സൗകര്യം ഇല്ല. ആയതിനാൽ മാലിന്യം നീക്കം ചെയ്യുന്ന വലിയ വാഹനങ്ങൾക്ക് എംസിഎഫിലേക്ക് കടന്നുവരുന്നതിന് സാധിക്കുന്നില്ല. 12ാം വാർഡിൽ ഗ്രാമ പഞ്ചായത്തിനു സമീപമായി വാടക കെട്ടിടത്തിലാണ് നിലവിൽ എം സിഎഫ് സംവിധാനം പ്രവർത്തിക്കുന്നത്. (വാടക പ്രതിമാസം 13000 രൂപ )

മേൽ സാഹചര്യത്തിൽ 4,64,702 രൂപ ചെലവഴിച്ച് എംസിഎഫ് ഒന്നാംനില പണികഴിപ്പിച്ചെങ്കിലും ആയത് പ്രയോജനപ്പെടുത്തുവാൻ കഴിയാത്ത സാഹചര്യമാണുള്ളത്. എംസിഎഫ് കെട്ടിടത്തിനുള്ളിൽ പ്രവർത്തനരഹിതമായ ബെയിലിംഗ് മെഷിനും മറ്റ് വസ്തുക്കളും കൂട്ടിയിട്ടിരിക്കുന്നുവെന്ന് വാക്കാൽ അറിയിച്ചു.പ്രവൃത്തി പൂർത്തീകരിച്ച ഗ്രാമ പഞ്ചായത്തിന്റെ സ്വന്തം എംസിഎഫ് കെട്ടിടം പ്രയോജനപ്പെടുത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നമ്പർ 17/18.10.24 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല. 22.10.24 ന് നടന്ന ഓഡിറ്റ് എക്സിറ്റ് മീറ്റിംഗിൽ വിഷയം ഗ്രാമ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.എംസിഎഫ് കെട്ടിടം നിഷ്ക്രിയ ആസ്തിയാകാതെ പ്രയോജനപ്പെടുത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുകയും തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കുകയും ചെയ്യേണ്ടതാണ്.

## 1-28 പൊതുമരാമത്ത് പ്രവൃത്തി പൂർത്തിയാക്കുവാൻ വൈകിയതിന് പിഴ ഈടാക്കിയില്ല.

കേരള PWDമാന്വൽ പ്രകാരം മരാമത്ത് പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ സാധിക്കാത്ത പക്ഷം കരാറുകാരൻ പ്രവൃത്തി പൂർത്തീകരണ സമയം നീട്ടി നൽകുന്നതിന് അസിസ്റ്റന്റ് എഞ്ചിനിയർ മുഖേന അപേക്ഷ നൽകേണ്ടതാണ് എന്നും ഇതിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ രേഖകൾ പരിശോധിച്ച് കരാറുകാരന്റെ വീഴ്ച മൂലമല്ല പ്രവൃത്തി വൈകിയിത് എങ്കിൽ പിഴ കൂടാതെയും, പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലമാണ് പ്രവൃത്തി വൈകിയത് എങ്കിൽ നിശ്ചിത നിരക്കിൽ പിഴ ഈടാക്കിയും പ്രവൃത്തി പൂർത്തീകരണ കാലയളവ് നീട്ടി നൽകാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

നിശ്ചിത സമയത്തിനകം അപേക്ഷ നൽകാത്ത പ്രവൃത്തിയുടെ കാലാവധി കരാർ പ്രകാരം മുൻപ് അംഗീകരിച്ച സമയത്ത് തന്നെ അവസാനിക്കുന്നതാണ്. കരാറുകാരന്റെ കാരണത്താലുള്ള വൈകൽ മൂലം പ്രവൃത്തി അവസാനിപ്പിക്കുന്ന അവസരത്തിൽ ടെർമിനേഷൻ സമയത്ത് ഈടാക്കേണ്ട നിരക്കിൽ കരാറുകാരനിൽ നിന്ന് പിഴ ഈടാക്കേണ്ടതാണ് എന്നും PWD മാന്വലിൽ നിർദ്ദേശിച്ചിട്ടുണ്ട്. (PWD Manual 2112, 2112.1 )

കേരള പൊതു മരാമത്ത് മാന്വലിൽ- സെക്ഷൻ 2005, 2112 എന്നിവ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ കാലാവധി നീട്ടി നൽകുന്നത്തിനുള്ള അപേക്ഷ കരാറുകാർ AE മുഖേന കരാർ കാലാവധി തീരുന്നതിന്ന് മുമ്പായി അപേക്ഷിക്കേണ്ടതും, നിർവ്വഹണോദ്യോഗസ്ഥൻ ഇക്കാര്യത്തിൽ തീരുമാനമെടുത്ത് ആദ്യ തവണ പ്രവൃത്തിയുടെ ഒറിജിനൽ കാലാവധിയുടെ 25% വും രണ്ടാം തവണ പ്രവൃത്തിയുടെ ഒറിജിനൽ കാലാവധിയുടെ 25% വും ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതുമാണ്. ഇങ്ങനെ അനുവദിക്കുന്നത് പ്രവൃത്തിയുടെ ഒറിജിനൽ കാലാവധിയുടെ 50% ൽ അധികരിക്കാൻ പാടുള്ളതുമല്ല. പ്രസ്തുത അപേക്ഷയിന്മേൽ

തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18/08/2018-ലെ എ സി 2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ, പ്രവൃത്തിയുടെ കരാറിലെ വ്യവസ്ഥകൾ എന്നിവ പ്രകാരം ആദ്യത്തെ 3 മാസക്കാലയളവിന് PAC-യുടെ 1 % നിരക്കിലും തുടർന്നുള്ള ഓരോ 3 മാസത്തിനും 2 % നിരക്കിലും പിഴ ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്.

PWD Manual 2112.1 പ്രകാരം പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടിനൽകേണ്ട ഘട്ടത്തിൽ ഈടാക്കേണ്ട പിഴ താഴെ നൽകുന്നു.

| കാലയളവ് | പിഴ |
|---|---|
| ആദ്യ വർദ്ധന(First Extension ) | PAC യുടെ 1% ( മിനിമം 1000 , പരമാവധി 50000) |
| തുടർന്നുള്ള വർദ്ധന ( Beyond First Extension ) | PAC യുടെ 2% ( മിനിമം 2000 , പരമാവധി 100000) |

2023-24 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ നിശ്ചിത സമയത്തിനകമുള്ള കരാറുകാരന്റെ അപേക്ഷയില്ലാതെ/നിയമപരമായ കാരണം കൊണ്ടല്ലാതെ അംഗീകരിക്കപ്പെട്ട പ്രവൃത്തി പൂർത്തീകരണ സമയം കഴിഞ്ഞതിന് ശേഷവും കരാറുകാരൻ പ്രവൃത്തി നടത്തിയതായും , പ്രവൃത്തി വൈകിയതിന് പിഴ ഒന്നും ഈടാക്കാതെ കരാറുകാരന് ഫൈനൽ ബിൽ നൽകിയതായും കാണുന്നു. വിശദാംശം താഴെ കൊടുക്കുന്നു.

| പദ്ധതി | വേറൂർ മുഹമ്മദ് സ്മാരക റോഡ് , 196/23-24 |
|---|---|
| അടങ്കൽ/ ചെലവ് | അടങ്കൽ-171000/-രൂപ<br>ചെലവ് 170472 മെയിന്റനൻസ് ഗ്രാന്റ്-റോഡ്<br>BRN. 23150552034900969360/21.12.23 |
| കരാറുകാരൻ | ശ്രീ മുകുന്ദൻ.പി |
| കരാർ | 31/AE/LSGD/NMR/2021-22 തി. 22.2.22 |
| അളവ് പുസ്തകം | 140/22-23 (സൈറ്റ് കൈമാറിയ തീയതി 22-02-2022 ) |
| PAC | 1,33,766.69രൂപ |
| പൂർത്തീകരണകാലയളവ് | 6 മാസം(22.2.22 മുതൽ 21.8.22 വരെ ) |
| പൂർത്തീകരിക്കേണ്ട തീയതി | 21.8.22 |
| പൂർത്തീകരിച്ച തീയതി | 24.4.23 (അളവ് പുസ്തകം പേജ് 1 മുതൽ 23 വരെ ) |
| വൈകിയ കാലയളവ് | 22.08. 22 മുതൽ 24.4.23 വരെ – 8 മാസം |
| ഈടാക്കേണ്ട പിഴ | 22.8.22 മുതൽ 21.11.22 വരെ(@1% 0f PAC)<br>133766 .69*1/100=1337.66 =1338 രൂപ Rounded.<br>22.11.23 മുതൽ 21.2.23 വരെ(@2% Of PAC)<br>133766.69*2/100=2675.33 രൂപ =2675 Rounded<br>22.2.23 മുതൽ 24.4.23 വരെ (@2% Of |

| | |
|---|---|
| | PAC)<br>=2675*62/89=1863.48<br>=1863 Rounded<br>ആകെ പിഴ=1338+2675+1863=5876<br>രൂപ |

മേൽ പ്രൊജക്ടിന്റെ നിർവ്വഹണത്തിൽ പിഴ ഈടാക്കാത്തതിനുള്ള കാരണം / പിഴ ഈടാക്കിയ വിവരം വ്യക്തമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നമ്പർ 36/21.10.24 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല.
പിഴ ഇനത്തിൽ ഈടാക്കേണ്ട തുക കുറവ് വരുത്താതെ ബിൽ തുക അനുവദിച്ചത് ക്രമ പ്രകാരമല്ല. ഓഡിറ്റ് പരാമർശത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതും പിഴ ഇനത്തിൽ ഈടാക്കേണ്ട 5876 രൂപ ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-29 ഹൃദ്യ പദ്ധതി - വിശദാശങ്ങൾ ലഭ്യമാക്കിയില്ല

പ്രൊജക്റ്റ് നം. 239/24 ഹൃദ്യ പാലിയേറ്റീവ് കെയർ
നിർവ്വഹണം- അസിസ്റ്റന്റ് സെക്രട്ടറി
അടങ്കൽ തുക – 26,000 രൂപ (വികസന ഫണ്ട്- പൊതുവിഭാഗം)
വിനിയോഗിച്ച തുക – 26,000 രൂപ (വികസന ഫണ്ട്- പൊതുവിഭാഗം)
BRN നം തീയ്യതി - 23150552029900854871/22.11.2023- 15600 രൂപ
23150552029901001360/29.12.2023- 10400 രൂപ
ഹൃദ്യ പദ്ധതിയിൽ സി.ഡി.എസ്സ് തലത്തിൽ സാന്ത്വന പരിചരണ മേഖലയിൽ വിദഗ്ദ്ധ പരിശീലനം നേടിയ വളണ്ടിയർ രൂപീകരണം , ഈ രംഗത്ത് സ്വയം പര്യാപ്തത കൈവരിക്കുക എന്നീ ലക്ഷ്യങ്ങളോടെ 16.08.23ന് യൂണിറ്റി ഹാളിൽ വെച്ചും 4.12.23 ന് എ.പി.ജെ അബ്ദുൽകലാം ഹാളിൽ വെച്ചും പരിശീലന പരിപാടി സംഘടിപ്പിച്ചു. ഹൃദ്യ പദ്ധതിയുടെ പുരോഗതി വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 10 /16.10.2024ക്ക് മറുപടി ലഭ്യമാക്കിയില്ല. മറുപടിയുടെ അഭാവത്തിൽ ചെലവു തുക 26,000 രൂപ തടസ്സം ചെയ്യുന്നു.

## 1-30 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

പദ്ധതി നമ്പർ/ പേര്: 274/2023-24 ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ
നിർവഹണം : സെക്രട്ടറി
അടങ്കൽ : 1,00,000 രൂപ (തനതു ഫണ്ട്)
ചെലവ്: 51671 രൂപ (തനതു ഫണ്ട്)
ബിൽ നമ്പർ: 207/1.1.2014(17273), 219/5.1.2024(34398)

2023-24 സാമ്പത്തിക വർഷത്തിൽ മേൽ സൂചിപ്പിച്ച പദ്ധതി പ്രകാരം ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് KSEB ക്ക് 51671 രൂപ കൈമാറിയിട്ടുണ്ട്. പ്രസ്തുത പ്രവർത്തി പൂർത്തീകരിച്ചതിന്റെ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ട് സെക്രട്ടറിക്ക് നൽകിയ 24/19.10.2024 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ ചെലവു തുക 51671 രൂപ തടസ്സം ചെയ്യുന്നു.

## 1-31 ഗ്രാമപഞ്ചായത്തിന്റെ പഴയ വാഹനം കയ്യൊഴിയുന്നതിനുള്ള നടപടികൾ സ്വീകരിച്ചില്ല.

ഗ്രാമപഞ്ചായത്ത് വക പഴയ വാഹനമായ KL 55 C 9034 നമ്പർ Mahindra Bolero രജിസ്ട്രേഷൻ കാലാവധി അവസാനിച്ചതിനാൽ വാഹനം കൈയ്യൊഴിയാനും പുതിയ വാഹനം വാങ്ങുന്നതിനും ഭരണ സമിതി 13.2.2024 ലെ 2-ാം നമ്പർ തീരുമാനമെടുക്കുകയും പുതിയ വാഹനം വാങ്ങുകയും ചെയ്തിട്ടുണ്ട്. എന്നാൽ

ആയതിന്റെ നടപടികൾ പൂർത്തീകരിച്ചിട്ടില്ല. ആയതിന്റെ തുടർ നടപടികളുടെ വിശദ വിവരം ഓഡിറ്റിനെ അറിയിക്കാനാവശ്യപ്പെട്ട് നൽകിയ 26/19.10.2024 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ വാഹനം കൈയ്യൊഴിയുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചു. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-32 ലൈബ്രറി സെസ്സ് യഥാസമയം അടവാക്കിയില്ല.

ഓരോ അർദ്ധ വർഷവും പിരിച്ചെടുക്കുന്ന ലൈബ്രറി സെസ്സ് തുക അർദ്ധവർഷം കഴിഞ്ഞ് 30 ദിവസത്തിനകം അടയ്ക്കേണ്ടതാണെന്ന് സർക്കുലർ നമ്പർ 17263/ എൽ3/99ത.സ്വ.ഭ.വ, തീ. 29.12.2000 പ്രകാരം നിർദ്ദേശം ഉള്ളതാണ്. ഈടാക്കിയ ലൈബ്രറി സെസ്സ് കൃത്യസമയത്ത് അടവാക്കിയിട്ടില്ലെങ്കിൽ 2% പിഴപ്പലിശ സെക്രട്ടറിയുടെ ബാധ്യതയായി വരുന്നതാണ്. എന്നാൽ 2022-23 രണ്ടാം അർദ്ധ വർഷത്തെ ലൈബ്രറി സെസ്സ് തുക അടവാക്കിയതിൽ മേൽ സർക്കുലറിലെ വ്യവസ്ഥ പാലിച്ചിട്ടില്ല. തുക അടവാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അർദ്ധ വർഷം | പിരിച്ചെടുത്ത തുക (₹) | അടവാക്കേണ്ട തിയ്യതി | അടവാക്കിയ തിയ്യതി |
|---|---|---|---|
| 2022-23 രണ്ടാം അർദ്ധ വർഷം | 138574 | 30.04.2023 | 28.10.23 |

അപാകതക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് സെക്രട്ടറിക്ക് നൽകിയ 25/19.10.2024 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-33 മാർഗ്ഗ നിർദ്ദേശം പാലിക്കാതെ ധനസഹായം അനുവദിച്ചു

പദ്ധതിനമ്പർ / പേര്: 59/2023-24 പുതിയ തുറന്ന കിണർ- ജനറൽ
നിർവഹണം : വി.ഇ.ഒ.
അടങ്കൽ : 15,00,000 രൂപ ( വികസന ഫണ്ട്)
ചെലവ്: 675000രൂപ (വികസന ഫണ്ട്)
ബിൽ /BRN നമ്പർ-22301097/31-03-2024

മേൽ സൂചിപ്പിച്ച പദ്ധതി പ്രകാരം തുറന്ന കിണർ നിർമ്മാണത്തിന് 675000രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല.

1. സർക്കാർ ഉത്തരവ് (കൈ) നം.115/2022/ ത.സ്വ.ഭ.വ തിയ്യതി 28/05/2022 ലെ ഖണ്ഡിക 6.6.1 പ്രകാരം പൊതു കുടിവെള്ള സംവിധാനത്തിൽ നിന്നും ഹൗസ് കണക്ഷൻ ലഭിക്കാൻ സാദ്ധ്യതയില്ലെങ്കിൽ മാത്രമാണ് ഈ ആനുകൂല്യത്തിന് അർഹതയുള്ളത്. ഇക്കാര്യം ഉറപ്പു വരുത്തിയതായി കാണുന്നില്ല.

2. മഴ വെള്ളം റീചാർജ് ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കണം. ആയത് പാലിച്ചിട്ടില്ല.

അപാകതക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് വി.ഇ.ഒ. ക്ക് നൽകിയ 27/19.10.2024 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ മാനദണ്ഡങ്ങൾ പ്രൊജക്ട് നിർവ്വഹണത്തിൽ പാലിച്ചിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുക 675000/-രൂപ തടസ്സം ചെയ്യുന്നു.

## 1-34 പച്ചക്കറി വിത്തുകൾ വിതരണം ചെയ്തതിന്റെ രേഖകൾ

ലഭ്യമാക്കിയില്ല.

പദ്ധതി നമ്പർ,പേര്: 3/2023-24 സമഗ്ര പച്ചക്കറി കൃഷി വികസനം
നിർവഹണം : കൃഷി ഓഫീസർ
അടങ്കൽ : 358,000 രൂപ (വികസന ഫണ്ട്-204000+ ഗു.വി.- 154000)
ചെലവ്: 142086 രൂപ (വികസന ഫണ്ട്)

| ബിൽ നമ്പർ: | ഇൻവോയ്സ് നമ്പർ |
| --- | --- |
| 23150552034801520804/ 25.3.2014 (49950) | 6449/ 29.1.2024 (27375 രൂപ)<br>6622/ 12.3.2024 (3575രൂപ)<br>149/ 16.1.2024 (19000രൂപ) |

മേൽ സൂചിപ്പിച്ച പദ്ധതിയുടെ ഭാഗമായി 49950 രൂപ ചെലവഴിച്ച് സൂചിത ഇൻവോയ്സുകൾ പ്രകാരം പച്ചക്കറി വിത്തുകൾ വാങ്ങിയിട്ടുണ്ട്. ആയത് വിതരണം ചെയ്തതിന്റെ രേഖകൾ ഒന്നും ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ട് കൃഷി ഓഫീസർ ക്ക് നൽകിയ 35/21.10.2024 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായിട്ടില്ല. വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്. രേഖകൾ ലഭ്യമാക്കുന്നത് വരെ ആയതിന്റെ ചെലവു തുക 49950 രൂപ തടസ്സം ചെയ്യുന്നു.

## 1-35 വാഹന സംബന്ധമായ ചെലവുകൾ VEELS ൽ രേഖപ്പെടുത്തുന്നില്ല.

ധനകാര്യ (ഐ.ടി, സോഫ്റ്റ്‌വെയർ) വകുപ്പിന്റെ 07.01.2020 തിയ്യതിയിലെ 03/2020 നമ്പർ സർക്കുലറും, 21.11.2019 ലെ 91/2019 നമ്പർ സർക്കുലറും, 11.11.2019 ലെ 88/2019 നമ്പർ സലർക്കുലറിന്റെയും തുർച്ചയായായി, ധനകാര്യ (ഐ.ടി, സോഫ്റ്റ്‌വെയർ) വകുപ്പിന്റെ 22.10.2020-ലെ 59/2020 നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ്-ഇൻ-എയിഡ് സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ, സർക്കാർ സ്വയംഭരണസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന സ്വന്തമായുള്ളതും (വകുപ്പിന്റെ കീഴിലുള്ളവ ഉൾപ്പെടെ) അല്ലാത്തതുമായ (വാടക, കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉൾപ്പെടെ) എല്ലാത്തരം വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ "Vehicle Management And Location Tracking System (VEELS)" എന്ന വെബ്സെറ്റിൽ 30.11.2020-ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്. 2020-21 സാമ്പത്തിക വർഷം മുതൽ വാഹന സംബന്ധമായി ഓരോ മാസവും ഉണ്ടായിട്ടുള്ള എല്ലാ ചെലവുകളും VEELS ൽ കൃത്യമായി രേഖപ്പെടുത്തേണ്ടത് നിയന്ത്രണാധികാരിയുടെ ഉത്തരവാദിത്തമാണ്. പഞ്ചായത്തിൽ നിലവിലുള്ള വാഹനങ്ങളുടേയും പഞ്ചായത്തിലേയും അനുബന്ധ സ്ഥാപനങ്ങളിലേയും, വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും വിവരങ്ങൾ പ്രസ്തുത വെബ്സെറ്റിൽ രജിസ്റ്റർ ചെയ്ത് രേഖപ്പെടുത്തിയിട്ടില്ല. അപാകതക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് സെക്രട്ടറിക്ക് നൽകിയ 30/19.10.2024 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. പഞ്ചായത്തിൽ നിലവിലുള്ള വാഹനങ്ങളുടേയും പഞ്ചായത്തിലേയും അനുബന്ധ സ്ഥാപനങ്ങളിലേയും, വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും വിവരങ്ങൾ പ്രസ്തുത വെബ്സെറ്റിൽ രജിസ്റ്റർ ചെയ്ത് രേഖപ്പെടുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-36 ലൈഫ് മിഷൻ -ഭവന നിർമ്മാണ പദ്ധതിയിൽ അഡ്വാൻസ് കൈപ്പറ്റിയവർ ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല.

2023-24 വർഷത്തിൽ വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായ ലൈഫ് മിഷൻ -ഭവന നിർമ്മാണ പദ്ധതികളുടെ ഭാഗമായി അഡ്വാൻസ് തുക മാത്രം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിൽ നാളിതു വരെ യാതൊരു പുരോഗതിയും

ഇല്ല എന്നാണ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ഓഡിറ്റിന് ബോധ്യപ്പെട്ടത്. വിശദ വിവരം ചുവടെ:

1. ലൈഫ് ഭവന പദ്ധതി: ജനറൽ

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ ആകെ തുക | വൗച്ചർ നമ്പർ |
|---|---|---|---|
| 1 | ഗീത, കൊല്ലപ്പറമ്പിൽ | 40,000 | 22300106/ 15.5.2023 |
| 2 | സുജാത, ആഞ്ചേരി | 40,000 | 22300677 / 1.6.2023 |
| 3 | വസന്ത, കിഴക്കുമ്പാട്ട് | 40,000 | 22300677 / 1.6.2023 |
| 4 | സീനത്ത്, പാറേങ്ങൽ | 40,000 | 22300106 / 15.5.2023 |
| 5 | ഫാത്തിമ ആലാറ്റിൽ | 40,000 | 22300106 / 15.5.2023 |
| 6 | റസിയ, കറുപ്പം വീട്ടിൽ | 40,000 | 22300106 / 15.5.2023 |
| 7 | സമീറത്ത്, കാഞ്ഞിരങ്ങൽ | 40,000 | 22300106 / 15.5.2023 |
| 8 | സഫൂറ , പള്ളിപ്പറമ്പിൽ | 40,000 | 22300745/ 26.12.2023 |
| 9 | മുഹ്സിന, കച്ചേരിതൊടം വീട്ടിൽ | 40,000 | 22300745/ 26.12.2023 |
| 10 | സുലൈഖ, മെതുകയിൽ | 40,000 | 22300723/ 26.12.2023 |
| 11 | ഷർജില, തായുമ്മാന്റെ പുരക്കൽ | 40,000 | 22300723/ 26.12.2023 |
| 12 | കൗലത്ത്, ചേക്കിന്റെ പുരക്കൽ | 40,000 | 22300770/31.1.2024 |
| 13 | മൈമൂന, പള്ളിക്കത്താഴത്ത് | 40,000 | 22300771/ 29.5.2023 |

പ്രസ്തുത ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ പുരോഗതി വിവരവും ഓഡിറ്റിനെ അറിയിക്കാനാവശ്യപ്പെട്ട് വി.ഇ.ഒ. ക്ക് നൽകിയ 31/19.10.2024 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ ക്രമ നമ്പർ 1,2,3,4,5,7,8,10 എന്നീ ഗുണഭോക്താക്കൾ വിവിധ കാരണങ്ങളാൽ ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല എന്നും , മറ്റു ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിച്ചിട്ടുണ്ടെന്നും അറിയിച്ചു. പദ്ധതി പൂർത്തീകരണത്തിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് ഭവന നിർമ്മാണത്തിന്റെ പുരോഗതി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-37 ചാക്കുകൾ വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.

പദ്ധതി നമ്പർ,പേര്: 51/2023-24 ഹരിത കർമ്മസേന തുടർ പ്രവർത്തനങ്ങൾ
നിർവഹണം : വി.ഇ.ഒ.
അടങ്കൽ : 543368 രൂപ (തനതു ഫണ്ട്-39500+ വികസന ഫണ്ട്- 503868)
ചെലവ്: 193721 രൂപ (തനതു ഫണ്ട്-39500+വികസന ഫണ്ട്- 154221)

മേൽ സൂചിപ്പിച്ച പദ്ധതിയുടെ ഭാഗമായി താഴെ പറയുന്ന ഇൻവോയ്സുകൾ പ്രകാരം PICKER BIRD എന്ന സ്ഥാപനത്തിൽ നിന്നും ഹരിത കർമ്മസേനക്ക് വേണ്ടി വാങ്ങിയ ചാക്കുകൾ വിതരണം ചെയ്തതിന്റെയോ, ഹരിത കർമ്മസേനക്ക് കൈമാറിയതിന്റെയോ കൃത്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

| ബിൽ നമ്പർ | ഇൻവോയ്സ് നമ്പർ |
|---|---|
| 23150552046600260141/ 1.7.2023 (38000 രൂപ) | 2305044 (16.6.2023) |
| 23150552046600796474/ 13.11.2023 (36000രൂപ) | 2305035(4.10.2023) |

രേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ട് വി.ഇ.ഒ. ക്ക് നൽകിയ 32/19.10.2024 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായിട്ടില്ല. ചാക്കുകൾ വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്. രേഖകൾ ലഭ്യമാക്കുന്നത് വരെ ആയതിന്റെ ചെലവു തുക 1,93,721 രൂപ തടസ്സം ചെയ്യുന്നു.

## 1-38 ഗ്ലൗസ്, ബൂട്ട് എന്നിവ വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.

പദ്ധതിനമ്പർ, പേര്: 140/2023-24 MGNREGS തൊഴിലാളികൾക്ക് ഗ്ലൗസ്, ബൂട്ട് അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ
നിർവഹണം : സെക്രട്ടറി
അടങ്കൽ : 1,00,000 രൂപ (തനതു ഫണ്ട്)
ചെലവ്: 99820 രൂപ (തനതു ഫണ്ട്)

| ബിൽ നമ്പർ: | ഇൻവോയ്സ് നമ്പർ |
|---|---|
| 195/29.12.2023 | M000115/ 9.11.2023 (99820) |

മേൽ സൂചിപ്പിച്ച പദ്ധതി പ്രകാരം 99820 രൂപ ചെലവഴിച്ച് , ടെണ്ടർ നടപടികളിലൂടെ HEADCO യിൽ നിന്നും ഗ്ലൗസ്, ബൂട്ട് തുടങ്ങിയവ വാങ്ങിയിട്ടുണ്ട്. ആയത് വിതരണം ചെയ്തതിന്റെ കൃത്യമായ രേഖകൾ , ടെണ്ടർ നടപടികലുടെ ഭാഗമായുള്ള Comparitive Statement എന്നിവ ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ട് സെക്രട്ടറി ക്ക് നൽകിയ 33/19.10 .2024 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. വിതരണം ചെയ്തതിന്റെ രേഖകൾ, Comparitive Statement എന്നിവ ലഭ്യമാക്കേണ്ടതാണ്. രേഖകൾ ലഭ്യമാക്കുന്നത് വരെ ആയതിന്റെ ചെലവു തുക 99,820 രൂപ തടസ്സം ചെയ്യുന്നു.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2023-24 | 2023-24 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 133100 | 2/24- സുസ്ഥിര നെൽകൃഷി വികസനം | 133100 | 0 |
| | 1140000 | 24/24- ലൈഫ് ഭവന പദ്ധതി(ജനറൽ) | 1140000 | 0 |
| | 1350000 | 29/24- ലൈഫ് ഭവന പദ്ധതി(എസ്സ്.സി) | 1350000 | 0 |
| | 600000 | 77/24- ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 600000 | 0 |
| | 330000 | 139/24- ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 330000 | 0 |
| ജില്ലാ പഞ്ചായത്ത് | 310000 | 77/24- ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 310000 | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി

പ്രവൃത്തി നടത്തുന്നതിന് മുൻകൂർ തുക നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ/ ബിൽ നമ്പർ | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|
| കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | പഞ്ചായത്തിലെ വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റിവെക്കൽ (274/24) | 207/01.01.24<br>219/05.01.24 | 17273<br>34398 | 17273<br>34398 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തിയ്യതി | തൻ വർഷം ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാനം ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 01 | ലൈഫ് ഭവന പദ്ധതി KURDFC ലോൺ | ലഭ്യമല്ല | 26,00,000 | 2,27,17,406 | 45,56,727 | | 2,07,16,546 |
| 02 | " | ലഭ്യമല്ല | 2,88,80,000 | 0 | 0 | | 2,88,80,000 |
| ആകെ | | | 3,14,80,000 | 2,27,17,406 | 45,56,727 | | 4,95,96,546 |

ലൈഫ് ഭവന പദ്ധതി KURDFC ലോൺ ഇനത്തിലെ വർഷാവസാന ബാക്കി 2,07,60,679/- രൂപയാണ് വരേണ്ടിയിരുന്നത്.എന്നാൽ ആയതിൽ നിന്നും പലിശ ഇനത്തിലെ വരവ് 44,133/- രൂപ ലൈഫ് സ്റ്റേറ്റ് ഷെയറിന്റെ ലഡ്ജറിലേക്ക് മാറ്റിയതിനാൽ 2,07,16,546/- രൂപയുടെ നീക്കിയിരിപ്പാണ് നിലവിൽ ഈ ഇനത്തിൽ ഉള്ളത്.

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീതി നമ്പർ |
|---|---|---|---|---|
| 2022-23 | 3-1 | 22,306 | ശ്രീമതി. മഞ്ജു. ജി, അസി. എഞ്ചിനീയർ | 1230101844/ 15.11.2023 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 -ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളിൽ തീർപ്പാക്കാനവശേഷിക്കുന്നവയുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2014-15 | 2(2) | 2016-17 | അനുബന്ധം – 5 | 2(2) തൊഴിൽ നികുതിയിൽ ഇളവ് നല്കി- നഷ്ടം-4750/രൂപ |
| | 2(3) | | | 2(3) സ്ഥാപന തൊഴിൽ നികുതി – പിഴപ്പലിശ ഈടാക്കുന്നില്ല |
| 2015-16 | 2(2) | 2016-17 | അനുബന്ധം – 5 | തൊഴിൽനികുതി കുറവായി ഈടാക്കി - ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തുക അടവാക്കി. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

| ക്രമ നമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഉത്തരവാദി | സർചാർജ്ജ് സർട്ടിഫിക്കറ്റ് നമ്പർ, | തുക (₹) | അവശേഷിക്കുന്ന തുക (₹) | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | 2008-09 | 3-10 | സി.പി ഗോവിന്ദൻ | LF 10434/ Spl.Cell/ Csc/2012 Dt. 25.07.2014 | 20,000 + Interest | 20,000 | WP(c)1156/17 High Court Of Kerala Interim Stay 12.01.17 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 17,08,63,299 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 17,42,64,635 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 26,36,545 |

(ആകെ വരവിലും ചെലവിലും 1-4 പ്രകാരമുള്ള വിവിധ ഫണ്ടിനങ്ങളിലുള്ള വരവ് ചെലവുകളും തൊഴിലുറപ്പ് പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്ന തുക കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 139230 | ശ്രീമതി.ലത,ഹെഡ്മിസ്ട്രസ് |
| 1-19 | 600000 | ശ്രീമതി.ലത,ഹെഡ്മിസ്ട്രസ് |
| 1-22 | 201153 | ശ്രീമതി.പ്രീത.ടി ,അസി.സെക്രട്ടറി |
| 1-29 | 26000 | ശ്രീമതി.പ്രീത.ടി ,അസി.സെക്രട്ടറി |
| 1-30 | 51671 | ശ്രീ.ബോബി ഫ്രാൻസ്സിസ്, സെക്രട്ടറി |
| 1-33 | 675000 | ശ്രീ.അനീഷ് കുമാർ.എം., വി.ഇ.ഒ |
| 1-34 | 49950 | അഞ്ജു.കെ.കെ, കൃഷി ഓഫീസർ |
| 1-37 | 193721 | അഞ്ജു.കെ.കെ, ,കൃഷി ഓഫീസർ |
| 1-38 | 99820 | ശ്രീ.ബോബി ഫ്രാൻസ്സിസ്, സെക്രട്ടറി |
| ആകെ | 26,36,545 | |

<u>**സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കണ്ടായ നഷ്ടത്തിന്റെ വിവരം**</u>

ഇല്ല

<u>**ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**</u>

ഇല്ല

ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ലത, ഹെഡ്മിസ്ട്രസ് | ഹെഡ്മിസ്ട്രസ്, ജി.യു.പി.എസ് നിറമരുതൂർ | ചൊന്നാട്ടിൽ ഹൗസ്,നിറമരുതൂർ.പി.ഒ,മലപ്പുറം 676109 |
| ശ്രീമതി.പ്രീത.ടി , അസി.സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, നിറമരുതൂർ ഗ്രാമപഞ്ചായത്ത് | തങ്കം.കെ, ചെരുവിള പുത്തൻവീട്,പൈറ്റുവിള, ബാലരാമപുരം.പി.ഒ തിരുവനന്തപുരം 695501 |
| ശ്രീ.ബോബി ഫ്രാൻസ്സിസ്, സെക്രട്ടറി | സെക്രട്ടറി, മാന്നാർ ഗ്രാമപഞ്ചായത്ത് , ആലപ്പുഴ | നാഞ്ചിയാർ തോട്ടം, വെള്ളിമൺ.പി.ഒ, കൊല്ലം |

| | | |
|---|---|---|
| അഞ്ജു.കെ.കെ, , കൃഷി ഓഫീസർ | കൃഷി ഓഫീസർ നിറമരുതൂർ ഗ്രാമപഞ്ചായത്ത് | അശ്വതി PNRA -A 104 SP2/511 പാങ്ങപ്പാറ നഗർ തിരുവനന്തപുരം 695581 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2003-04 | കെ.എസ്.എ.എം.പി.എം.16/2024/2022(1) തിയതി 21.10.2022 | 1 |
| 2004-05 | കെ.എസ്.എ.എം.പി.എം.16/2024/2022(3) തിയതി 21.10.2022 | 4 |
| 2005-06 | കെ.എസ്.എ.എം.പി.എം.16/2024/2022(4) തിയതി 21.10.2022 | 1 |
| 2006-07 | കെ.എസ്.എ.എം.പി.എം.16/2024/2022(5) തിയതി 21.10.2022 | 1 |
| 2007-08 | കെ.എസ്.എ.എം.പി.എം.16/2024/2022(6) തിയതി 21.10.2022 | 4 |
| 2008-09 | കെ.എസ്.എ.എം.പി.എം.16/2024/2022(7) തിയതി 21.10.2022 | 10 |
| 2009-10, 2010-11 | കെ.എസ്.എ.എം.പി.എം.16/2024/2022(8) തിയതി 21.10.2022 | 3 |
| 2011-12, 2012-13 | കെ.എസ്.എ.എം.പി.എം.16/2024/2022(9) തിയതി 21.10.2022 | 5 |
| 2013-14, 2014-15 | കെ.എസ്.എ.എം.പി.എം.16/2024/2022(10) തിയതി 21.10.2022 | 5 |
| 2015-16 | കെ.എസ്.എ.എം.പി.എം16/520/2019 തിയ്യതി 23.03.2019 | 11 |
| 2016-17 | കെ.എസ്.എ.എം.പി.എം.16/2353/2017 തിയതി 09.07.2018 | 12 |
| 2017-18 | കെ.എസ്.എ.എം.പി.എം.16/234/2019 തിയതി 10.06.2019 | 17 |
| 2018-19 | കെ.എസ്.എ.എം.പി.എം.16/7/2020 തിയതി 06.03.2020 | 12 |
| 2019-20 | കെ.എസ്.എ.എം.പി.എം.16/1634/2021 തിയതി 17.10.2022 | 10 |
| 2020-21 | കെ.എസ്.എ.എം.പി.എം.16/1635/2021 തിയതി 12-04-2023 | 15 |
| 2021-22 | കെ.എസ്.എ.എം.പി.എം.16/379/23 തീയതി, 03-07-2023 | 3 |
| 2022-23 | കെ.എസ്.എ.എം.പി.എം.16/2023/23 തീയതി, 05-02-2024 | 41 |

ഡെപ്യൂട്ടി ഡയറക്ടർ
മലപ്പുറം

എം.എ.11/2024

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 4 dated 4 dated 06-07-2024 and submitted on 18-07-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Niramaruthoor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/ guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Niramaruthoor Grama Panchayat as on 31-03-2024

**Date: 22/11/2024** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Niramaruthoor Grama Panchayat for the Year 2023-2024.

### 1.Major Observations

NIL

### 2.Other Observations

1.The following mandatory financial statements prescribed in accounting rules are not submitted for audit.

a. Ratios

b. Notes on accounts

c.Comparative amounts

2.Cashflow statement - Net increase in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

3.Loan amount 9510000/- entered under wrong head of B-5 shedule.

4.Receipt of Bidders EMD differs as per RP-33 Shedule (Rs.22250) and Deposit Register (17250/-).

5.The Bank book closing balance is shown differently in Reconciliation statement of Account nuber 04260730000000562(SBI)

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ നിറമരുതൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്